ആത്മീക മാദ്ധ്യമ ലോകത്തെ യുവജനമുന്നേറ്റം

# യുവജനകാഹളം

സംസ്ഥാന പി.വൈ.പി.എ. പ്രസിദ്ധീകരണം

VOL. 1 | ISSUE 5 | 2018 OCTOBER | FOR PRIVATE CIRCULATION ONLY




## മലയാളനാട്ടിൽ

## നല്ലവാർത്തയും പാട്ടുകളുമായി സംസ്ഥാന പി.വൈ.പി.എ.

## കേരള സുവിശേഷയാത്ര

**2018 ഒക്ടോബർ 22 മുതൽ 31 വരെ**

സംസ്ഥാന
പി.വൈ.പി.എ. എക്സിക്യൂട്ടീവ്


**ഇവാ. അജു അലക്സ്**
(പ്രസിഡന്റ്)


**സുവി. ബെറിൽ ബി. തോമസ്**
(വൈസ് പ്രസിഡന്റ്)


**പാസ്റ്റർ സാബു ആര്യപ്പള്ളിൽ**
(വൈസ് പ്രസിഡന്റ്)


**പാസ്റ്റർ ഷിബിൻ ജി. സാമുവൽ**
(സെക്രട്ടറി)


**പാസ്റ്റർ ഷിബു എൽദോസ്**
(ജോ. സെക്രട്ടറി)


**സന്തോഷ് എം. പീറ്റർ**
(ജോ. സെക്രട്ടറി)


**വെസ്‌ലി പി. എബ്രഹാം**
(ട്രഷറാർ)


**പാസ്റ്റർ തോമസ് ജോർജ് കട്ടപ്പന**
(പബ്ലിസിറ്റി കൺവീനർ)

# താളുകൾ മറിക്കുമ്പോൾ


**എഡിറ്റോറിയൽ** .................................... 1
ഫെയ്ത്ത്മോൻ

**ആത്മീയ വാർദ്ധ്യക്യത്തോട് വിടപറയുക** ........ 2
സാം വർഗീസ് ഡാളസ്

**നിർഭയമായി ഇറങ്ങാം പോർക്കളത്തിൽ.** ........ 3
സുവി. അജു അലക്സ്

**ഞങ്ങൾ എന്തു ചെയ്യേണ്ടൂ?** ..................... 4
പാസ്റ്റർ വിൽസൺ ജോസഫ്

**യേശുവും സ്ത്രീകളും** .......................... 5
റവ. ഡോ. ബേബി വർഗീസ്

**ഐ ക്യാൻ...** ..................................... 6
പാസ്റ്റർ ബാബു ചെറിയാൻ

**യുവജനങ്ങളും ആത്മീയ യോഗ്യതയും** ........ 7
പാസ്റ്റർ സണ്ണി കുര്യൻ വാളകം

**പ്രതിസന്ധികൾ നല്ലതിന്..** ....................... 8
സജി മത്തായി കാതേട്ട്

**ചില സ്ത്രീപക്ഷ ചിന്തകൾ** ...................... 9
സന്തോഷ് എം.പീറ്റർ

**സ്ഥാനം ദൈവത്തിനോ സമ്പത്തിനോ** ......... 10
പാസ്റ്റർ സാം അഞ്ചൽ

**വെല്ലുവിളികൾ ഏറ്റെടുക്കുക** ................. 11
ഷോണി തോമസ്, ഡാളസ്

**ഭക്തയാത്ര** ......................................... 12
അനീഷ ജസ്റ്റിൻ

**വാർത്തകൾ** ...................................... 12

**നന്ദി** .............................................. 16
പാസ്റ്റർ തോമസ് ജോർജ്ജ്, കട്ടപ്പന


## എഡിറ്റോറിയൽ ബോർഡ്



**സാം വർഗീസ്** ഡാളസ് (ചെയർമാൻ)


**അജി കല്ലുങ്കൽ** (വൈസ് ചെയർമാൻ)


**എബി ചെള്ളേത്ത്** ഡാളസ് (മാനേജർ)


**ഫെയ്ത്ത് മോൻ വൈക്കം** (ചീഫ് എഡിറ്റർ)


**പാസ്റ്റർ ബോബൻ ക്ലീറ്റസ്** എഡിറ്റർ


**ബിബിൻ കല്ലുങ്കൽ** (അസോ. എഡിറ്റർ)


**പാസ്റ്റർ ബിനോയ് പാലക്കാട്** (സർക്കുലേഷൻ മാനേജർ)


**ജിബിൻ എം. ജേക്കബ്** (ന്യൂസ് എഡിറ്റർ)


**പാസ്റ്റർ സാൻ വി. അച്ചൻകുഞ്ഞ്** (അസോ. ന്യൂസ് എഡിറ്റർ)





എഡിറ്റോറിയൽ

# സ്ത്രീസമത്വം, പുനർചിന്തനം വേണം

ആചാരത്തിന്റെ പേരിൽ തെരുവിൽ ചോര ചീന്തുന്ന ദിനങ്ങളിലൂടെയാണ് നാം കടന്നുപോകുന്നത്. പരമോന്നത നീതിപീഠത്തിന്റെ വിധിയെപ്പോലും തെരുവിൽ ചോദ്യം ചെയ്യുന്ന ദിവസങ്ങളിലേക്ക് നാം പിന്നോട്ട് നടന്നെത്തിയിരിക്കുന്നു. നാടെങ്ങും സ്ത്രീസമത്വത്തിന് വേണ്ടി വാദിക്കുമ്പോൾ സ്ത്രീസമത്വത്തിൽ പെന്തക്കോസ്ത് എവിടെ നിൽക്കുന്ന എന്ന ചിന്ത അത്യന്താപേക്ഷിതമാണ്.

ലോകത്തിലേക്ക് വച്ച് ഏറ്റവും വലിയ സ്ത്രീപക്ഷവാദിയായിരുന്നു ക്രിസ്തു. വ്യഭിചാരിയെന്ന് ആരോപിച്ച് കല്ലറിഞ്ഞു കൊല്ലാൻ കൊണ്ടുവന്ന സ്ത്രീയുടെ പക്ഷത്ത് നിന്ന് നീതിപൂർവമായി വിധിപറഞ്ഞ ക്രിസ്തു നടത്തിയത് ചരിത്രത്തിലെ ഏറ്റവും വലിയ നീതിയുക്തമായ വിധിയായിരുന്നു. എല്ലാ മതങ്ങളിലേയും പുരോഹിതന്മാർക്ക് പാഠമാകേണ്ട വിധിയായിരുന്നു അത്. എന്നാൽ പൗരോഹിത്യം സ്ത്രീകളെ എന്നും രണ്ടാം നിരയിലെ നിർത്തിയിട്ടുള്ളൂ. ഇതിന് മാറ്റം വരേണ്ടത് ഇന്നിന്റെ ആവശ്യമാണ്.

മൂന്നാം നൂറ്റാണ്ടിലെ ഒരു ദൈവശാസ്ത്രജ്ഞനായ തെർത്തുല്യൻ സ്ത്രീകളെ, "പിശാചിന്റെ പ്രവേശന കവാടം" എന്നു വിശേഷിപ്പിച്ചു. സ്ത്രീകൾ പുരുഷന്മാരെക്കാൾ തരംതാണവരാണെന്നു ചിത്രീകരിക്കാൻ ചിലർ ബൈബിളിനെ കൂട്ടുപിടിച്ചിട്ടുണ്ട്. ഫലമോ? ബൈബിൾ സ്ത്രീകളോടു വിവേചനം കാണിക്കുന്നുവെന്ന ധാരണ ഇന്നും നിലനിൽക്കുന്നു.

19-ാം നൂറ്റാണ്ടിൽ ഐക്യനാടുകളിൽ സ്ത്രീകളുടെ അവകാശത്തിനായി പൊരുതിയ മുന്നണിപ്രവർത്തക എലിസബെത്ത് കാഡി സ്റ്റാൻടൺ എഴുതിയത് ഇങ്ങനെയാണ്." സ്ത്രീവിമോചനത്തിന്റെ പാതയിലെ ഏറ്റവും വലിയ വിലങ്ങുതടികൾ ബൈബിളും സഭയും ആണ്" പ്രത്യക്ഷത്തിൽ കാണിക്കുന്നില്ലെങ്കിലും വ്യാഖ്യാതാക്കൾ ഇന്നും ഇത്തരം കടുത്ത വീക്ഷണങ്ങൾ വെച്ചുപുലർത്തുന്നുണ്ട്. ഈ ചിന്താഗതികൾക്ക് ഒരുമാറ്റം വന്നേ മതിയാകൂ.

യേശു എല്ലായ്പ്പോഴും സ്ത്രീകളോട് ആദരപൂർവം ഇടപെട്ടു. പരീശന്മാർ വിവേചനാപൂർവം നിഷ്കർഷിച്ച പാരമ്പര്യങ്ങളും സമ്പ്രദായങ്ങളും അവൻ പിൻപറ്റിയില്ല. അവൻ യഹൂദരല്ലാത്ത സ്ത്രീകളോടു സംസാരിച്ചു (മത്തായി 15:22-28; യോഹന്നാൻ 4:7-9), അവൻ സ്ത്രീകളെ പഠിപ്പിച്ചു (ലൂക്കൊസ് 10:38-42). ഭർത്താക്കന്മാരാൽ ഉപേക്ഷിക്കപ്പെടാതിരിക്കാൻ അവൻ സ്ത്രീകൾക്കു സംരക്ഷണനിയമം വെച്ചു (മർക്കൊസ് 10:11, 12). അവന്റെ അടുത്ത സുഹൃദ്വലയത്തിൽ സ്ത്രീകളും ഉണ്ടായിരുന്നു, അന്നത്തെ സാമൂഹികവ്യവസ്ഥയിൽ അവൻ സ്വീകരിച്ച ഏറ്റവും വിപ്ലവാത്മകമായ നടപടി ഒരുപക്ഷേ അതായിരുന്നിരിക്കാം (ലൂക്കൊസ് 8:1-3). ദൈവിക ഗുണങ്ങളെല്ലാം പൂർണമായി പ്രതിഫലിപ്പിച്ച യേശു, ദൈവത്തിന്റെ ദൃഷ്ടിയിൽ പുരുഷ ാർക്കും സ്ത്രീകൾക്കും തുല്യമൂല്യം ഉണ്ടെന്നു പ്രകടമാക്കി.

സഭയെന്ന് ഞാൻ പറയുന്നില്ല, നമ്മുടെ പ്രസ്ഥാനങ്ങൾ അവരുടെ സ്വതന്ത്രമായി തയാറാക്കിയ ഭരണഘടനയ്ക്ക് അനുസൃതമായി മുന്നോട്ട് പോകുന്നവരാണ്. അതുകൊണ്ട് തന്നെ ഈ പ്രസ്ഥാനങ്ങളിലെ പുരുഷ മേധാവിത്വം സ്ത്രീകളെ തീണ്ടാപ്പാട് അകലെ നിർത്തിയിരിക്കുന്നു. സ്ത്രീകൾക്ക് കൈയടിക്കാനും പാടാനും മാത്രമേ ഈ 21-ാം നൂറ്റാണ്ടിലും സഭ അവസരം നൽകിയിട്ടുള്ളൂ എന്ന പറച്ചിലുകളും ഒരുപരിധി വരെ ശരിയാണ്. പാട്ടും പ്രാർത്ഥനയും കഴിയുമ്പോൾ അധികാരം വീതം വയ്ക്കുന്നിടത്താണ് വിഷയം തുടങ്ങുന്നത്. ഭരണതലത്തിലും സ്ത്രീപ്രതിനിധ്യം ഉറപ്പു വരുത്താൻ സഭ തയാറാകണം. യുവജനങ്ങൾ അതിനുള്ള പുതുവഴി വെട്ടിത്തുറക്കണം.

**ഫെയ്ത്ത്മോൻ**
*(ചീഫ് എഡിറ്റർ)*





# ആത്മീയ വാർദ്ധ്യക്യത്തോട് വിടപറയുക

സാം വർഗീസ്
ഡാളസ്

പാരമ്പ്യര്യത്തിന്റെ പള്ളിവാതിൽക്കൽ വിശ്വാസ പ്രമാണത്തിന്റെ ആണിതറച്ച മാർട്ടിൻ ലൂഥർ യുവാവ് മാത്രമല്ല ആത്മീയ യുവത്വത്തിന്റെ ദർശനം ഉള്ളവനും കൂടിയായിരുന്നു. ഈ തലമുറയ്ക്ക് പുത്തൻ കാഴ്ചപ്പാടുകൾ ഇല്ലാതെ പോകുന്നു. ദൈവവിളി തിരിച്ചറിയാൻ വൈകുന്ന കാഴ്ചപ്പാട് മങ്ങിയ ഏലിമാർക്ക് പുത്തൻ കാഴ്ചപ്പാടുകൾ കൈമാറാൻ കഴിയുന്നതല്ല.

കാരാഗൃഹത്തിന്റെ കാരിരുമ്പിനുള്ളിൽ കൂരിരുട്ടിൽ കിടക്കുമ്പോഴും പൗലോസിന് സഭയോട് പറയാനുള്ളത് കർത്താവിൽ സന്തോഷിപ്പിൻ എന്നാണ് ക്രിസ്തുവും സുവിശേഷവും എന്ന വിഷയത്തിൽ പൗലോസിന് എന്നും യൗവ്വനത്തിന്റെ ചുറുചുറുക്ക് ആയിരുന്നു.

ശാസ്ത്ര വിജ്ഞാനിയായിരുന്ന ബഹിരാകാശ സഞ്ചാരിയായ റഷ്യക്കാരൻ യൂറിഗഗാറിൻ പറഞ്ഞത് ഞാൻ വിശാലമായ ശൂന്യാകാശത്തിൽ ദൈവത്തെ അന്വേഷിച്ചു. പക്ഷെ കണ്ടെത്തിയില്ല എന്നാണ്. എന്നാൽ ചെറുപ്പത്തിൽ തന്നെ ദൈവം ശബ്ദത്തിന് കാതോർക്കാനും ദൈവത്തിന്റെ ശബ്ദമായിരിപ്പാനും ശമുവേലിന് കഴിഞ്ഞു. ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ പറയുന്നു യൗവ്വനകാലത്ത് തന്റെ സൃഷ്ടാവിനെ ഓർത്തുകൊൾവിൻ എന്ന്. ദൈവീക വിഷത്തിൽ യൗവ്വന മനസ്സ് അനിവാര്യമാണ്. വചനം നമ്മെ പഠിപ്പിക്കുന്നത് ഉത്സാഹത്തിൻ മടുപ്പില്ലാത്തവരായി ആത്മാവിൽ എരിവുള്ളവരായിരിപ്പിൻ എന്നാണ്.

നിത്യതയുടെ ദർശനമാണ് ഈ ലോകജീവിതത്തിന് നിറപ്പകിട്ട് ഏകുന്നത്. ശരീരവും മനസ്സും ആത്മാവും ഒരു ലക്ഷ്യത്തിലേക്കും സ്വപ്നത്തിലേക്കും എത്തുമ്പോൾ ആത്മീക മണ്ഡലത്തിന് വാർദ്ധ്യക്യം ബാധിക്കില്ല. ആത്മീക ലോകം ഒരു അദൃശ്യലോകമാണ് അദൃശ്യലോകത്തിലെ ശക്തികളെ കീഴ്പ്പെടുത്തി വിജയിക്കണം എങ്കിൽ പരിശുദ്ധാത്മാവിനാൽ ലഭിക്കുന്ന ശക്തിയും അധികാരവും അനിവാര്യമാണ്. കർമ്മനിരതരാവുക യുവത്വത്തിന്റെ ലക്ഷണമാണ്. യുവാക്കളെ സഭാവളർച്ചയ്ക്ക് ഉപയോഗിക്കുവാൻ മുതിർന്ന നേതൃത്വം മനസ്സ് കാട്ടണം. യൗവ്വനത്തിന്റെ പുതുമയും തീവ്രവേഗതയും പ്രയോജനപ്പെടുത്തണം സഭാസമൂഹം. വാർദ്ധ്യക്യം ശരീരത്തിൽ ഏറുന്നവരും മനസ്സിൽ ഒരു ആത്മീക യൗവ്വനം കാത്ത് സൂക്ഷിക്കണം.

കർമ്മനിരതരാവുക യുവത്വത്തിന്റെ ലക്ഷണമാണ്. യുവാക്കളെ സഭാവളർച്ചയ്ക്ക് ഉപയോഗിക്കുവാൻ മുതിർന്ന നേതൃത്വം മനസ്സ് കാട്ടണം. യൗവ്വനത്തിന്റെ പുതുമയും തീവ്രവേഗതയും പ്രയോജനപ്പെടുത്തണം സഭാസമൂഹം. വാർദ്ധ്യക്യം ശരീരത്തിൽ ഏറുന്നവരും മനസ്സിൽ ഒരു ആത്മീക യൗവ്വനം കാത്ത് സൂക്ഷിക്കണം.



# നിർഭയമായി ഇറങ്ങാം പോർക്കളത്തിൽ



**സുവി. അജു അലക്സ്**
**സംസ്ഥാന പ്രസിഡന്റ്**

പ്രിയരേ,

നമ്മുടെ സംസ്ഥാനം ജാതി-മത-വർഗ- വർണ- രാഷ്ട്രീയ ധ്രുവീകരണത്തിലേക്ക് പോകുന്ന ദിവസങ്ങളിലൂടെയാണ് നാം കടന്നു പോകുന്നത്. ഒരുകാര്യം ഉറപ്പാണ് കർത്താവിന്റെ വരവിന്റെ ദിവസങ്ങൾ എണ്ണപ്പെട്ടുകഴിഞ്ഞു. അതുകൊണ്ട് ഇനി സമയം പാഴാക്കാനില്ല, സുവിശേഷ പോർക്കളത്തിലേക്ക് നിർഭയമായി ഇറങ്ങാനുള്ള സമയം ആഗതമായി. ഈ ദിവസങ്ങളിൽ സംസ്ഥാന പിവൈപിഎ സുവിശേഷ പ്രഘോഷണവുമായി മലയാള മണ്ണിൽ പര്യടനം ആരംഭിക്കുന്നു.

അന്ത്യകാലത്ത് ദൈവരാജ്യത്തിന്റെ സുവിശേഷം സകല മനുഷ്യരോടും പ്രസംഗിക്കപ്പെടുമെന്ന് യേശുക്രിസ്തുവിന്റെ വാക്കുകളിൽ നിന്ന് ഊർജം ഉൾക്കൊണ്ടാണ് യുവജനങ്ങൾ ഇറങ്ങുന്നത്.

യേശുവിന്റെ ശിഷ്യന്മാർ ആളുകൾ തങ്ങളുടെ അടുത്തേക്ക് വരുന്നതും കാത്ത് ഇരിക്കണമായിരുന്നോ വേണ്ടായിരുന്നു. പുനരുത്ഥാനം പ്രാപിച്ചശേഷം നൂറുകണക്കിന് ശിഷ്യന്മാരോടായി യേശു പറഞ്ഞു: "നിങ്ങൾ പോയി സകല ജനതകളിലും പെട്ട ആളുകളെ ശിഷ്യരാക്കിക്കൊള്ളുവിൻ.അവരെ സ്നാനം കഴിപ്പിക്കുകയും ഞാൻ നിങ്ങളോടു കൽപ്പിച്ചതൊക്കെയും പ്രമാണിക്കാൻ തക്കവണ്ണം പഠിപ്പിക്കുകയും ചെയ്യുവിൻ." (മത്താ. 28:19, 20) അതുകൊണ്ട് യേശുവിന്റെ അനുഗാമികൾ എന്ന നിലയിൽ നമ്മൾ നാലു കാര്യങ്ങൾ ചെയ്യണം. ആളുകളെ ശിഷ്യരാക്കണം, സ്നാനമേൽക്കുന്നതിന് സഹായിക്കണം, പഠിപ്പിക്കണം. എന്നാൽ ആദ്യം നമ്മൾ ആളുകളുടെ അടുക്കലേക്ക് പോകണം. ഒരു ബൈബിൾപണ്ഡിതൻ പറയുന്നത് ഇങ്ങനെയാണ്: ""പോകുക" എന്നത് ഓരോ വിശ്വാസിയുടെയും ദൗത്യമാണ്. അത് അയൽവീട്ടിലേക്കാണെങ്കിലും ശരി, അയൽനാട്ടിലേക്കാണെങ്കിലും ശരി.

ശിഷ്യന്മാർ ഓരോരുത്തരും ഒറ്റയ്ക്കൊറ്റയ്ക്ക് പ്രസംഗിക്കാനാണോ അതോ ഒരു കൂട്ടമെന്ന നിലയിൽ സംഘടിതമായി പ്രവർത്തിക്കാനാണോ യേശു പ്രതീക്ഷിച്ചത് ഒരാൾക്ക് ഒറ്റയ്ക്ക് "സകല ജനതകളിലും പെട്ട" ആളുകളോട് പ്രസംഗിക്കാൻ കഴിയാത്തതുകൊണ്ട് ശിഷ്യന്മാർ ഒരു കൂട്ടമെന്ന നിലയിൽ സംഘടിതരായിരിക്കണമായിരുന്നു."നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും" എന്നു ശിഷ്യന്മാരോട് പറഞ്ഞപ്പോൾ യേശു അതാണ് അർഥമാക്കിയത്.

യേശുക്രിസ്തുവിന്റെ അന്ത്യകൽപനയുടെ പ്രചാകരായി തെരുവിലേക്ക് ഇറങ്ങുമ്പോൾ പ്രാണഭയമുണ്ട് എങ്കിലും അത് കാര്യമാക്കുന്നില്ല. തെരുവിൽ എരിഞ്ഞടങ്ങേണ്ടിവന്നാലും ക്രിസ്തുവിനായി തയാറായി ഇറങ്ങുന്നു.



# ഞങ്ങൾ എന്തു ചെയ്യേണ്ടൂ?



**പാസ്റ്റർ വിൽസൺ ജോസഫ്**
*ഐ.പി.സി.*
*ജനറൽ വൈസ് പ്രസിഡന്റ്*

യഹൂദ്യ മരുഭൂമിയിലും മലനാടുകളിലും മുഴങ്ങികേട്ട പ്രവാചക ശബ്ദം. തെറ്റുചെയ്തവൻ ആരായിരുന്നാലും മുഖപക്ഷം കാണിക്കാതെ മുഖത്തു നോക്കി വിളിച്ചുപറയാൻ മടികാണിക്കാത്ത യോഹന്നാൻ സ്നാപകനോട് ജനങ്ങൾ ചോദിച്ചു. ഞങ്ങൾ എന്തു ചെയ്യേണ്ടു? ആത്മീക മണ്ഡലത്തെ അനുതാപത്തിന്റെ അഗ്നിപ്രളയമാക്കി മാറ്റിയ ആ മഹാൻ ആരെന്നറിയുവാൻ ജനം കൊതിച്ചു. നീ ഏലിയാവ് ആണോ? നീ ക്രിസ്തുവോ? ആ പ്രവാചകനോ? നിലവിലുള്ളതിന്റെ ഇരട്ടി ബഹുമാനം ലഭിക്കുവാൻ ഈ പേരിലെതങ്കിലും പറഞ്ഞാൽ മതി. വകതിരിവില്ലാത്ത വിശ്വാസിയുടെ മുന്നിൽ വളഞ്ഞവഴിയിൽ പ്രശ്സതനാകാൻ ലഭിച്ച അവസരം യോഹന്നാൻ നിരസിച്ചിട്ട് ഇപ്രകാരം പറഞ്ഞു. ഞാനിവർ ആരുമല്ല ഒരു ശബ്ദമത്രേ ജീവിതത്തിന്റെ നാൾവഴികളിലെല്ലാം അവൻ കുറഞ്ഞുകൊടുത്തു. ക്രിസ്തു വളർന്നു. പേരിനും പ്രശസ്തിക്കും വേണ്ടികടിപിടിക്കൂടുന്ന ഈ കാലഘട്ടത്തിന്റെ മഹാൻമാർ ഇത് ഗ്രഹിച്ചിരുന്നെങ്കിൽ.

തന്നിലുള്ള കഴിവിന്റെ ആത്മവിശ്വാസം നല്ലതാണ്. അത് അമിതമായ ആത്മപ്രശംസയായാൽ ആപത്താണ്. എല്ലാവരും എങ്കൽ ഇടറും എന്ന ഗുരുവിന്റെ വാക്യം ആണ് എല്ലാവരും ഇടറിയാലും ഞാൻ ഇടറുകയില്ല എന്ന് പത്രോസ് പ്രതിവചിച്ചു.അവൻ തന്നെ കർത്താവിനെ മൂന്ന് പ്രാവിശ്യം തള്ളിപറഞ്ഞു. കർത്താവ് അവന്റെ ഉള്ള അവസ്ഥ വെളിപ്പെടുത്തി. നീ കാറ്റത്തുപറക്കുന്ന പതിർപോലെയാണ്. പിശാച് നിന്നെ പാറ്റികളയുവാൻ ശ്രമിക്കുന്നു. എന്ന് പറഞ്ഞു. ദൈവകൃപമാറിയാൽ പത്രോസ് വെറും പതിർ പോലെയും ദൈവകൃപ നഷ്ടപ്പെട്ടാൽ മോശ വിക്കനും തടിച്ച നാവുള്ളവനും ആണ്. ദാവീദിൽ നിന്ന് ദൈവകൃപ മാറിയാൽ വെറും ഒരു ആട്ടിടയൻ മാത്രം. ഏലീശായിൽ നിന്ന് ദൈവകൃപ മാറിയാൽ വെറും ഒരു കർഷകൻ ദൈവകൃപയുടെ മഹത്വമറിയാവുന്ന പൗലോസ് പറയുന്നു. ഞാനാകുന്നത് ദൈവകൃയാൽ ആകുന്നു. നാം അനുഭവിക്കുന്ന നന്മയും, പദവിയും നമ്മുടെ കഴിവും ദൈവകൃപയാൽ ആകുന്നു എന്ന ചിന്ത നമ്മിൽ നിന്ന് അന്യമാകുന്നത് നമ്മിൽ അഹങ്കാര ചിന്ത നിഴലിടുമ്പോൾ ആണ്.

> അമിതമായ ആത്മപ്രശംസ ദൈവത്തിന്റെ കരുതലിനേയും ദൈവം ഒരുക്കുന്ന മുഖാന്തരത്തേയും ദൈവത്തിന്റെ കൃപയേയും മറക്കുമാറാക്കും. അഹങ്കാരം അനുസരണത്തെ അന്യമാക്കും. അനൈകൃതകളെ സൃഷ്ടിക്കുകയും വീഴ്ച്ക്ക് ഹേതുവാക്കുകയും ചെയ്യും.

തന്റെ കാലുകൾ ഏറ്റവും ചെറുതാണല്ലോ എന്ന് ഓർത്ത് സങ്കടപ്പെട്ടിരുന്ന കടലാമ പറക്കുന്ന ഒരു കഴുകനെ കണ്ടു ആമ പറഞ്ഞു- നിങ്ങൾ ഭാഗ്യമുള്ളവരാണ്, നിങ്ങൾക്ക് സ്വാതന്ത്യത്തോടെ പറക്കാൻ ചിറകുകൾ ഉണ്ടെല്ലോ. എനിക്ക് ഉയരത്തിൽ ഒന്നു സഞ്ചരിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ, താല്പര്യമെങ്കിൽ ഞാൻ നിന്നെ എടുത്തുകൊണ്ട് പോകാം കഴുകൻ തന്റെ കാലുകളിലെ നഖം കൊണ്ട് ആമയെ മുറുക്കിപിടിച്ചു പറന്നുയർന്നു. ഉയരങ്ങൾ താണ്ടും തോറും ആമ ആനന്ദത്തിൽ ആണ്ടുകൊണ്ടിരുന്നു. കുറേകഴിഞ്ഞപ്പോൾ ആമ തന്റെ കുഞ്ഞുകാലുകൾ പുറത്തേക്കിട്ട് തുഴയാൻ തുടങ്ങി നീ എന്താണ് ഈ ചെയ്യുന്നതെന്ന് കഴുകൻ ചോദിച്ചു. ഞാൻ ഉയരങ്ങളിലൂടെ പറക്കുകയാണ് ആമ പറഞ്ഞു. നീയല്ല ഞാനാണ് പറക്കുന്നത് എന്ന് കഴുകൻ പറഞ്ഞപ്പോൾ എന്നെ വിട്ടേക്കു നിന്റെ സഹായം എനിക്ക് വേണ്ട ഉടനെ കഴുകൻ തന്റെ പിടി അയച്ചു.... പിന്നെ സംഭവിച്ചത് വർണ്ണക്കേണ്ടതില്ല. അമിതമായ ആത്മപ്രശംസ ദൈവത്തിന്റെ കരുതലിനേയും ദൈവം ഒരുക്കുന്ന മുഖാന്തരത്തേയും ദൈവത്തിന്റെ കൃപയേയും മറക്കുമാറാക്കും. അഹങ്കാരം അനുസരണത്തെ അന്യമാക്കും. അനൈകൃതകളെ സൃഷ്ടിക്കുകയും വീഴ്ച്ക്ക് ഹേതുവാക്കുകയും ചെയ്യും. ആയതിനാൽ വീഴാതെവണ്ണം നമ്മെ സൂക്ഷിച്ച് തന്റെ മഹിമാസന്നിധിയിൽ ആനന്ദത്തോടെ നിർത്തുന്ന ദൈവത്തിൽ ശരണപ്പെടാം.

# യേശുവും സ്ത്രീകളും



റവ. ഡോ. ബേബി വർഗീസ്



ശ്രീകൃഷ്ണന്റെ പതിനാറായിരത്തെട്ടു ഭാര്യമാരെക്കുറിച്ചു പറയുന്നുണ്ട് ഹിന്ദു പുരാണങ്ങളിൽ. കൃഷ്ണഭക്തി ദൈവത്തോടുള്ള അനുരാഗമായി പാകപ്പെടുന്നതിനെ ഉദാഹരിക്കുന്നു എന്നതടക്കം ഈ കഥയ്ക്ക് വ്യാഖ്യാനങ്ങൾ ഏറെ. പ്രേമവും ഭക്തിയും രണ്ടാല്ലാതിരിക്കുന്ന അവസ്ഥയെക്കുറിച്ച് നിത്യചൈതന്യ യതിയും ഓഷോ രജനീഷും അടക്കമുള്ളവർ ഒരുപാടു പറയുകയും എഴുതുകയും ചെയ്തിരിക്കുന്നു.

യേശു ക്രിസ്തു ജനിച്ചു വളർന്ന സാമൂഹിക പശ്ചാത്തലം ഒരിക്കലും സ്ത്രീകളെ പുരുഷൻമാർക്കു തുല്യരായി കാണാൻ അനുവദിക്കുന്നതായിരുന്നില്ല. മറ്റേതു സമുദായത്തിലും ഉണ്ടായിരുന്നതിൽ ഒട്ടും കുറവായിരുന്നില്ല യഹൂദരുടെയിടയിലെ പുരുഷമേധാവിത്വം. അത്തരമൊരന്തരീക്ഷത്തിൽ വളർന്ന യേശു പക്ഷേ പിന്നീട് തന്റെ ആത്മീയ ജീവിതത്തിൽ സ്ത്രീകളോട് ഇടപെട്ടിരുന്ന രീതി ഏറെ ഉദാത്തമായിരുന്നു എന്നതിന് എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും ബൈബിളിൽ കാണാൻ കഴിയും.

യഹൂദരുടെ ആരാധനാലയങ്ങളായ സിനഗോഗുകളിൽ സ്ത്രീകൾക്ക് യേശുവിന്റെ കാലത്തു തന്നെ പ്രവേശനമുണ്ടായിരുന്നു എന്നത് വസ്തുതാണ്. എന്നാൽ, അവിടത്തെ പ്രാർഥനകൾ പുരുഷ മേധാവിത്വത്തിന്റെയും സ്ത്രീകളെ രണ്ടാം തരം മനുഷ്യരായി കാണുന്നതിന്റെ ഉത്തമോദാഹരണങ്ങളായിരുന്നു. അവരുടെ യഥാർഥ പ്രാർഥന പുരുഷന്മാരുടേതായി കരുതപ്പെടുകയും, അവർ വേർതിരിഞ്ഞു നിന്ന് ഇങ്ങനെ പ്രാർഥിക്കുകയും ചെയ്തിരുന്നു. 'എന്നെയൊരു സ്ത്രീയായി സൃഷ്ടിക്കാതിരുന്നതിനു പ്രപഞ്ചനാഥനും ദൈവവുമായ നീ സ്തുതിക്കപ്പെടട്ടെ.'

ലോകത്തെ ബഹുഭൂരിപക്ഷം മതങ്ങളിൽ എന്ന പോലെ പുരുഷഭാവങ്ങളായിരുന്നു യഹൂദരും ദൈവത്തിൽ ദർശിച്ചിരുന്നത്. സ്ത്രീയുടെ ലിംഗവ്യത്യാസത്തെ താഴ്ത്തിക്കെട്ടുന്ന പല ആചാരങ്ങളും അന്ന് നിലനിൽക്കുകയും ചെയ്തിരുന്നു. ദൈവവും മനുഷ്യനുമായുള്ള ഉടമ്പടി ഉറപ്പിച്ചിരുന്നത് പുരുഷശരീരത്തിലെ പരിഛേദന ചിഹ്നത്തിലൂടെയായിരുന്നു എന്നതാണ് ചരിത്ര വസ്തുത. ഇതെല്ലാമായിട്ടും സ്വന്തം സുഹൃത്തുക്കളിൽ ധാരാളം സ്ത്രീകളെ ഉൾപ്പെടുത്താൻ യേശു കാണിച്ച ധൈര്യം അവരെ തുല്യരായി കാണാനുള്ള ഉൾക്കാഴ്ചയുടെ ഫലമായിരുന്നു. വിസ്മയകരമായി അദ്ദേഹമത് സാധ്യമാക്കുകയും ചെയ്തു.

വസ്തുതകളെക്കാൾ ദൈവശാസ്ത്ര വീക്ഷണങ്ങൾ ഉൾക്കൊള്ളുന്നതാണ് യേശു ക്രിസ്തുവിന്റെ സഹന കഥകൾ. അത്തരം കഥകളിൽ മഗ്ദലെനക്കാരി മറിയത്തിന് ഒരു പ്രത്യേക സ്ഥാനം സുവിശേഷകർ തന്നെ കൽപ്പിച്ചു കൊടുത്തിട്ടുള്ളതായും കാണാം. പുരുഷന്മാരും പ്രഗൽഭരുമായ ശിഷ്യൻമാർ പോലും ഭയന്നോടിയപ്പോഴും മറിയം യേശുവിനോടടുത്തു തന്നെ നിൽക്കുന്നുണ്ട്. മഗ്ദലന മറിയം ഇല്ലാതൊരു ഉയിർപ്പിന്റെ സന്ദേശം തന്നെ അചിന്തനീയം. അപ്പോസ്തൊലന്മാരെപ്പോലും നയിക്കാനും നിയന്ത്രിക്കാനുമുള്ള സ്ഥാനമഹിമ അവർ കരസ്ഥമാക്കുകയും ചെയ്തിരുന്നു. യേശു ക്രിസ്തു നൽകിയ ആത്മീയമായ ധൈര്യവും ദൈവികമായ കരുത്തുമാണ് അതിനവരെ പ്രാപ്തയാക്കിയത്. പുരുഷശിഷ്യന്മാരിൽ അസൂയ ഉണർത്താൻ പോരുംവിധം യേശു മഗ്ദലനമറിയത്തെ പരിഗണിക്കുകയും സ്നേഹിക്കുകയും ചെയ്തിരുന്നു എന്നതിന് അപ്പോക്രിഫാ സുവിശേഷങ്ങളിലും ആവോളം പാഠങ്ങളുണ്ട്.

ലൗകിക ജീവിതത്തിൽ താത്പര്യം കാണിച്ചിട്ടില്ല യേശു ക്രിസ്തു. ബാല്യ കൗമാരങ്ങൾക്കുപ്പുറം കുടുംബബന്ധങ്ങൾക്കു പോലും വലിയ പ്രാധാന്യം കൽപ്പിച്ചിട്ടില്ല. പക്ഷേ, കന്യാ മറിയം ഇന്നു ക്രൈസ്തവ വിശ്വാസത്തിന്റെ പ്രതീകം തന്നെയായി നിലനിൽക്കുന്നു. സജീവ പ്രവർത്തനങ്ങളുടെ കാലത്ത് സ്വന്തം മാതാവിനോടു ഭൗതികമായി ചേർന്നു നിന്നിട്ടില്ലാത്ത ക്രിസ്തുവിന് കുരിശിലേറും മുൻപ് ആശ്രയം ആ അമ്മയുടെ കരുണാവായ്പിന്റെ, സ്നേഹസാഗരത്തിന്റെ മടിത്തട്ട് തന്നെയായിരുന്നു.

സഹോദരിമാർ ഉള്ളതായി പറയുന്നില്ല എന്നതുകൊണ്ടു തന്നെ കുടുംബത്തിലെ മറ്റു സ്ത്രീകളുമായി അദ്ദേഹത്തിനുണ്ടായിരുന്ന ബന്ധത്തെക്കുറിച്ചും പരാമർശങ്ങളില്ല. പക്ഷേ, സ്ത്രീകളെ പൊതുവേ ബഹുമാനിച്ചിരുന്നു എന്നത് ബൈബിളിന്റെ അന്തർധാരകളിൽ തടസ്സമില്ലാതെ വായിച്ചെടുക്കാം. അതുകൊണ്ടുതന്നെയാവണം, യേശുവിന്റെ പഠനങ്ങളെ സ്ത്രീകൾ പിൽക്കാലത്ത് അങ്ങേയറ്റം ശ്രദ്ധിക്കാൻ തുടങ്ങിയതും, അവനെ പ്രേമപൂർവമായ ഭക്തിയോടെ ആരാധിക്കാൻ തുടങ്ങിയതും. ദൈവവേല ചെയ്യുന്ന കന്യാസ്ത്രീകളെ കർത്താവിന്റെ മണവാട്ടിമാർ എന്നാണു വിളിക്കാറുള്ളതെന്നോർക്കുക.

സമുദായത്തിൽ മാറ്റിനിറുത്തപ്പെട്ടവർ, പരസ്യപാപികൾ, താഴ്ന്നതരം ജോലിക്കാർ എന്നിവരെ ഗുരുസ്ഥാനീയനായ ഒരാൾ സ്വന്തം നിലയിൽ കണ്ട് കൂട്ടുകാരാക്കിയതാണ് യേശുവിന്റെ കഥകളിൽ കാണാൻ കഴിയുന്നത്. എന്തുകൊണ്ടായിരുന്നു എന്ന ചോദ്യത്തിന് ഉത്തരവും ബൈബിൾ തരുന്നുണ്ട്: 'ആരോഗ്യമുള്ളവർക്കല്ല, രോഗികൾക്കാണ് വൈദ്യനെക്കൊണ്ട് ആവശ്യം.' സമൂഹത്തിൽ പാർശ്വത്കരിക്കപ്പെട്ട വിഭാഗം തന്നെയായിരുന്നു സ്ത്രീകളെന്ന് അദ്ദേഹം 2000 വർഷം മുൻപു തന്നെ തിരിച്ചറിഞ്ഞിരുന്നു, ഇന്നത്തെ ഏതു വലിയ ഫെമിനിസ്റ്റ്, മനുഷ്യാവകാശ സംഘടനകളും പിറവിയെടുക്കും മുൻപു തന്നെ.

മെച്ചപ്പെട്ട നിലയിലുള്ളവരോട്, സ്വന്തം ദയനീയതയെ മറച്ചുപിടിച്ചു നടക്കുന്ന നിങ്ങൾക്ക് രക്ഷ അസാദ്ധ്യമാണ്, സത്യസന്ധതയാണ് ദൈവത്തിലെയ്ക്കുള്ള വഴി എന്ന് തുറന്നുപറയാൻ അദ്ദേഹം മടിച്ചില്ല. മനുഷ്യരെ ഞെരുക്കുന്ന എല്ലാ സങ്കുചിത നിലപാടുകൾക്കും നിയമങ്ങൾക്കും മുകളിലാണ്, സ്ത്രീപുരുഷഭേദമില്ലാതെ, മനുഷ്യന്റെ സ്ഥാനം എന്നതായിരുന്നു യേശുവിന്റെ സന്ദേശം. സ്നേഹമാണ് ഏറ്റവും വലിയ നിയമമെന്നതാണല്ലോ സുവിശേഷത്തിന്റെ സാരാംശം തന്നെ.



**പാസ്റ്റർ ബാബു ചെറിയാൻ**
**പിറവം**



# ഐ ക്യാൻ

*.. I can do all things through Him who strengthens me..*
*Philippians 4.13*

**ലോ**കത്തിലെ മഹാന്മാരിൽ ചിലർ പറഞ്ഞിട്ടുണ്ട് മനുഷ്യൻ അസാധ്യമായതൊന്നുമില്ലെന്ന്. എന്നാൽ യേശു കർത്താവ് പറഞ്ഞത് വിശ്വസിക്കുന്നവനു സകലവും കഴിയും എന്നാണ്. അത് കേവലം ആത്മവിശ്വാസമാണെന്നാണ് പലരും വ്യാഖ്യാനിക്കുന്നത്. ആത്മവിശ്വാസത്തിലൂന്നിയുള്ള പഠിപ്പിക്കലുകൾ മനുഷ്യനെ തന്നിലേക്കു നോക്കുവാനാണ് പ്രേരിപ്പിക്കുന്നത്. അതിൽ കുറെ നന്മകളുണ്ട് എന്ന സത്യം മറക്കുന്നില്ല. എന്നാൽ കർത്താവായ യേശു മനുഷ്യനെ തന്നിലേക്കു മോക്കാനല്ല സർവശക്തനിലേക്കു നോക്കാനാണ് പ്രേരിപ്പിക്കുന്നത്.

ആപ്പിൾ കംപ്യൂട്ടറിന്റെയും ഐപാഡിന്റെയും ഫോണിന്റേയുമൊക്കെ സ്ഥാപകൻ സ്റ്റീവ് ജോബ്സ് നമ്മുടെ തലമുറയിൽ ജീവിച്ച് ജയിച്ച ഒരു മഹാ മനുഷ്യനമാണ്. വളരെ പ്രായം ആകുന്നതിനു മുൻപു തന്നെ മാരക രോഗത്തിന് താൻ കീഴടങ്ങേണ്ടിവന്നു. ചികിത്സയിലായിരിക്കുമ്പോളും താൻ തന്റെ ജോലിയിൽ വ്യാപൃതനായിരുന്നു. ഓരോ ദിവസവും രാവിലെ എഴുന്നേറ്റാൽ വലിയ ഒരു കണ്ണാടിയുടെ മുൻപിൽ അൽപ സമയം അനങ്ങാതെ നിന്ന് ശ്വാസം വലിച്ചുവിടും എന്നിട്ട് അദ്ദേഹം കണ്ണാടിയിൽ കാണുന്ന സ്റ്റീവിനോട് ചോദിക്കും...

നീ ഇന്ന് ചെയ്യണമെന്ന് പ്രകൃതി നിശ്ചയിച്ചിരിക്കുന്ന കാര്യം തന്നെയാണോ ഇന്നു ചെയ്യാൻ പോകുന്നത്. സമയം വളരെ കുറച്ചേയുള്ളൂ സമയം നഷ്ടമാക്കാനില്ല...

സ്റ്റീവ് ജോബ് ആത്മവിശ്വാസം സൂക്ഷിക്കുന്നവനും സ്വയം വർധിപ്പിക്കുന്നവനുമായിരുന്നു. അദ്ദേഹം ഒന്നിനും മുട്ടുമടക്കിയിട്ടില്ല, മരണത്തിനൊഴികെ.

എന്നാൽ തന്റെ മരണശേഷം ഒരു വാട്സാപ്പ് സന്ദേശത്തിൽ സ്റ്റീവ് ജോബ്സിന്റെ അന്ത്യമൊഴികൾ വായിക്കയുണ്ടായി. അദ്ദേഹം പറയുന്നു.

..ഞാൻ ജീവിതത്തിൽ ജയിച്ച മനുഷ്യനാണ്. ഞാൻ കൈവച്ച എല്ലാ മേഖലകളിലും വിജയം കൊയ്തു. ഓരോ സമ്മാനങ്ങളും അംഗീകാരങ്ങളും എന്നെ തേടി വരുമ്പോൾ ഞാൻ എല്ലാവരോടുമൊപ്പം ചിരിച്ചു കൊണ്ടു നിൽക്കുമായിരുന്നെങ്കിലും സന്തോഷം എന്തെന്നു ഞാൻ അറിഞ്ഞിട്ടില്ല. ഞാൻ പണത്തെയാണ് സ്നേഹിച്ചത്, പണത്തെ മാത്രം. എന്നാൽ അതിനെക്കാൾ വളരെ പ്രധാനപ്പെട്ടതാണ് ബന്ധങ്ങൾ എന്നു ഞാൻ വളരെ വൈകിയാണ് മനസിലാക്കിയത്. ഇന്നെന്റെ ജീവൻ നിലനിർത്താൻ വേണ്ടി ശരീരത്തിൽ ഘടിപ്പിച്ചിരിക്കുന്ന മെഷീനുകളുടെ ശബ്ദവും ഒരു പച്ചനിറത്തിലുള്ള ലൈറ്റും മാത്രമാണെന്റെ സന്തത സഹചാരികൾ. വിലയുള്ളതെന്തെന്നറിയാൻ ഞാൻ വളരെ വൈകിപ്പോയി...

സ്വയകേന്ദ്രീകൃത ജീവിതത്തിന്റെ അന്ത്യം നോക്കൂ. അദ്ദേഹം സമൂഹത്തിനു നൽകിയ സംഭാവനകൾ ആർക്കും മറക്കാൻ കഴിയില്ല. പക്ഷേ, അദ്ദേഹം വ്യക്തിപരമായി ദുഃഖിതനും നിരാശനുമായിരുന്നു. എന്നാൽ മറ്റൊരു വലിയ മനുഷ്യന്റെ അന്ത്യവാക്കുകൾ ബൈബിളിൽ കാണുന്നു.

..ഞാനോ, ഇപ്പോൾ തന്നെ പാനീയയാഗമായി ഒഴിക്കപ്പെടുന്നു. എന്റെ നിര്യാണകാലവും അടുത്തു. ഞാൻ നല്ലപോർ പൊരുതു ഓട്ടം തികച്ചു. വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു. അതു നീതിയുള്ള ന്യായാധിപതിയായി കർത്താവ് ആ ദിവസത്തിൽ എനിക്കു തരും എനിക്കു മാത്രമല്ല അവന്റെ പ്രത്യക്ഷതയിൽ പ്രിയംവച്ച ഏവർക്കും കൂടെ....

ഈ ചരമക്കുറിപ്പു വായിച്ചാൽ ആർക്കും ഒന്നു മരിക്കാൻ തോന്നും. ഇല്ലെങ്കിലും മരണഭീതി മാറുകയെങ്കിലും ചെയ്യും. ഈ മനുഷ്യനാണ് എന്നെ ശക്തമാക്കുന്നവൻ മുഖാന്തിരം ഞാൻ സകലത്തിലും മതിയാകുന്നു എന്ന് പറഞ്ഞത്. പൗലോസ് എന്ന ചെറുപ്പക്കാരൻ എനിക്കും കഴിയും എന്നല്ല എന്ന ശക്തനാക്കുന്ന കർത്താവായ യേശു മുഖാന്തിരം എനിക്കും കഴിയും എന്നാണ് പറഞ്ഞത്.

ദാവീദ് എന്ന യുവാവിന്റെ വാക്കുകൾ നോക്കാം.

... നിന്നാൽ ഞാൻ പടക്കൂട്ടത്തിന്റെ നേരെ പാഞ്ഞു ചെല്ലും, എന്റെ ദൈവത്താൽ ഞാൻ മതിൽ ചാടിക്കടക്കും (സങ്കീർത്തനം 18.29)

ഞാൻ പാഞ്ഞു ചെല്ലുമെന്നല്ല എന്റെ ദൈവത്താൽ ഞാൻ പാഞ്ഞു ചെല്ലും, ഞാൻ മതിൽചാടും എന്നല്ല എന്റെ ദൈവത്താൽ ഞാൻ മതിൽ ചാടിക്കടക്കും എന്നാണ് പറഞ്ഞത്.

വാസ്തവത്തിൽ എന്താണ് നാം മനസിലാക്കേണ്ടത്? എനിക്കു കഴിയില്ല എന്നാണ് നാം പറയുന്നതെങ്കിൽ അതു സംഭവിക്കും. എന്നാൽ ദൈവത്തിൽ ആശ്രയിച്ചുകൊണ്ടു കഴിയും എന്നാണ് നാം പറയുന്നതെങ്കിൽ അതു സംഭവിക്കും. അതെ നാം പറയുന്നതാണ് സംഭവിക്കുന്നത് യുവാക്കളേ നിങ്ങൾ ആരാണെന്നു നിങ്ങൾക്ക് അറിയാമോ? സർവശക്തനായ ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന ഏക ജീവിയാണ് നിങ്ങൾ, ദൈവത്തിന്റെ ശ്വാസമാണ് നിങ്ങളുടെ ആത്മാവ്. ഇത്രയും കാര്യങ്ങൾ ഏതൊരു സാധാരണ മനുഷ്യനുമുണ്ട്. എന്നാൽ പി.വൈ.പി.എക്കാർക്ക് കൂടുതലുണ്ട്. കർത്താവായ യേശുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടിരിക്കുന്നു. സർവശക്തനായ കർത്താവു നിങ്ങളിൽ വസിക്കുന്നു. കർത്താവിന്റെ മാറ്റമില്ലാത്ത വചനം നിങ്ങൾക്കു തന്നിരിക്കുന്നു. പരിശുദ്ധാത്മാവിനാൽ നിങ്ങളെ നിറച്ചിരിക്കുന്നു. നിങ്ങളാരാ? നിങ്ങൾക്ക് കഴിയാത്തതെന്താ?

പ്രതിരോധമന്ത്രിയായിരുന്ന വി.കെ. കൃഷ്ണമേനോൻ ഡോ. അബ്ദുൾ കലാമിനെ ഒരു അത്യന്തം ദുഷ്കരമായ ദൗത്യം ഏൽപ്പിച്ചു. ഹോവർക്രാഫ്റ്റ് എന്ന ചിറകില്ലാത്ത യന്ത്രം. സൈനീക ആവശ്യത്തിനു വേണ്ടിയുള്ള ഈ യന്ത്രം വിദേശത്തുനിന്നു ഇറക്കുമതി ചെയ്യുന്നതു നിർത്തി നമുക്കു തനിയെ നിർമിക്കണം. കലാം അതേറ്റെടുത്തു. ബാംഗ്ലൂരിലെ എയ്റോനോട്ടിക്കൽ ഡെവലപ്മെന്റ് എസ്റ്റാബ്ലീഷ്മെന്റിൽ ജോലി ചെയ്തിരുന്ന നാലു സയന്റിഫിക് അസിസ്റ്റന്റ്മാരെ കൂട്ടി കലാം പണിതുടങ്ങി. ഒരു മെഷീൻ പോലും നിർമിച്ചു പരിചയമുള്ളവരായിരുന്നില്ല കൂട്ടാളികൾ. സമ

ശേഷം പേജ് 12



# യുവജനങ്ങളും ആത്മീയ യോഗ്യതയും

പാസ്റ്റർ സണ്ണി കുര്യൻ വാളകം

**1 യോഹന്നാൻ** 2.14 ാം വാക്യത്തെ ആസ്പദമാക്കി യുവജനങ്ങൾക്ക് വേണ്ട മൂന്ന് ആത്മീയ യോഗ്യതകൾ വിശദീകരിക്കാൻ ആഗ്രഹിക്കുന്നു. വല്ലാത്ത ഒരു കാലത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. ഗലാത്യർ 1.3 ൽ പറയുന്നു നാം പാർക്കുന്ന ലോകം ദുഷ്ടലോകം ആകുന്നു എന്ന്. എഫേസ്യർ 5.16 ൽ പറയുന്നു ഈ കാലം ദുഷ്കാലം ആകുന്നു എന്ന്. ഈ ദുഷ്ടലോകത്തിൽ, ദുഷ്കാലത്ത് ജീവിച്ചിരിക്കുന്ന തലമുറ എങ്ങനെയുള്ള തലമുറ ആകുന്നു എന്ന് ഫിലിപ്യർ 2.14ൽ പറഞ്ഞിരിക്കുന്നു. വക്രതയും കോട്ടവുമുള്ള തലമുറ. ഇങ്ങനെയുള്ള ഈ വല്ലാത്ത കാലഘട്ടത്തിൽ ഇന്നത്തെ യുവജനങ്ങൾ ജ്യോതിസുകളെപ്പോലെ ഈ ലോകത്തിൽ പ്രകാശിക്കണമെങ്കിൽ അവരിൽ നിലനിൽക്കേണ്ട മൂന്ന് ആത്മീയ ഗുണങ്ങളാണ് അപ്പോസ്തലൻ വിശദീകരിക്കുന്നു.

### 1. ആത്മാവിൽ ശക്തരാകണം. (1 യോഹന്നാൻ 2.14)

ശക്തരാകണം എന്ന് യോഹന്നാൻ ഇവിടെ പറയുമ്പോൾ ഈ ലോകത്തിലെ എന്തെങ്കിലും പോഷകാഹാരം കഴിച്ച് ശ്ക്തരാകണം എന്നല്ല മറിച്ച് ആത്മാവിന്റെ ശക്തീകരണം ആണ് ഉദ്ദേശിക്കുന്നത്. ബാല്യക്കാർ ക്ഷീണിച്ച് പോകുമ്പോൾ യൗവ്വനക്കാർ ഇടറിപ്പോകുമ്പോൾ യഹോവയെ കാത്തിരുന്ന് ശക്തിയെ പുതുക്കുന്ന ഒരു തലമുറയാണ് ഈ കാലഘട്ടത്തിൽ ദൈവ സഭയ്ക്ക് ആവശ്യമായിരിക്കുന്നു. യേശുക്രിസ്തുവിനെ കുറിച്ച് വചനം പറയുന്നു. (ലൂക്കോസ് 2.40) പൈതൽ വളർന്നു. ഇത് ശാരിരിക വളർച്ചയാണ്. ജ്ഞാനം നിറഞ്ഞു, ഇത് മാനസിക വളർച്ചയാണ്. തുടർന്ന് പറഞ്ഞിരിക്കുന്നു. ആത്മാവിൽ ബലപ്പെട്ടു പോന്നു. ദൈവകൃപയും അവന്റെ മേൽ ഉണ്ടായിരുന്നു. ഈ ഒരു ആത്മീക വളർച്ചയാണ് ഇന്നത്തെ തലമുറയ്ക്ക് വേണ്ടത്. യേശുവിന്റെ ജനനം ആത്മാവിൽ ആയിരുന്നു. ഇതെങ്ങനെ സംഭവിക്കും എന്ന മറിയയുടെ ചോദ്യത്തിന് മുന്നിൽ ദൂതൻ പറയുന്നു. പരിശുദ്ധാത്മമാവ് നിന്റെ മേൽവരും ആകയാൽ ഉത്ഭവിക്കുന്ന വിശുദ്ധപ്രജ ദൈവപുത്രൻ എന്ന് വിളിക്കപ്പെടും.

ജനനം ആത്മാവിൽ ലൂക്കോസ് 2.40 പറയുന്നു. വളർന്നത് ആത്മാവിൽ. തുടർന്ന് 30 ാം വയസിൽ സ്നാനമേൽക്കുമ്പോൾ വീണ്ടും പരിശുദ്ധാത്മാവ് പ്രാവെന്ന പോലെ ഇറങ്ങി എന്ന് വായിക്കുന്നു, മത്തായി 4.1ൽ പറയുന്നു. പരിശുദ്ധാത്മാവ് യേശുവിനെ നടത്തി. ലൂക്കോസ് 4.14 ൽ പറഞ്ഞിരിക്കുന്നു. ആത്മാവിന്റെ ശക്തിയോടെ ശുശ്രൂഷിച്ചു. ഒടുവിൽ യേശുവിനെ മരിച്ചവരുടെ ഇടയിൽ നിന്നും ഉയർപ്പിച്ച് ഈ പരിശുദ്ധാത്മാവ് ആണ് എന്ന് എഫേസ്യർ 1.20ൽ പറയുമ്പോൾ യേശുവിന്റെ ജനനവും ജീവിതവും ശുശ്രൂഷയുമെല്ലാം പരിശുദ്ധാത്മാവിന്റെ ശക്തിയിൽ ആയിരുന്നു എങ്കിൽ ആ മാതൃക പിൻപറ്റി ഇന്നത്തെ തലമുറ എന്തു വിലകൊടുത്തും ആത്മാവിൽ ശക്തരാകണം.

### 2. ദൈവ വചനവാഹികൾ ആയിമാറണം

എവിടെപ്പോയാലും ദൈവവചനം ഉള്ളിൽ വസിക്കുന്ന വചനവാഹികളായി മാറണം. അന്യനാട്ടിലെ ബാബിലോൺ സംസ്കാരത്തിൽ ജീവിച്ച ദാനിയേൽ തീരുമാനിച്ചു. ഞാൻ എന്നെ തന്നെ അശുദ്ധനാക്കയില്ല. കാരണം ദൈവത്തിന്റെ ന്യായപ്രമാണം ഉള്ളിൽ ഉണ്ടായിരുന്നു. ദാവീദ് പറയുന്നു. ഞാൻ പാപം ചെയ്യാതിരിക്കേണ്ടതിന് നിന്റെ വചനത്തെ എന്റെ ഹൃദയത്തിൽ സംഗ്രഹിച്ചിരിക്കുന്നു. ഫിലദൽഫ്യ സഭയോട് ദൈവം ദൂത് പറയുന്നത് ഇങ്ങനെയാണ്. നിനക്ക് അൽപമേ ശക്തിയുള്ളൂ എങ്കിലും നീ എന്റെ വചനം കാത്തു.

വചനം വായിക്കാൻ എളുപ്പമാണ്, പഠിക്കാനും എളുപ്പം. പക്ഷേ, വചനം കാക്കാൻ അൽപം ബുദ്ധിമുട്ടാണ്. വചനം കാത്ത സഭയോട് പറയുന്നു. ഞാൻ നിന്റെ മുൻപിൽ ഒരു വാതിൽ തുറന്നുവയ്ക്കുന്നു. യേശുക്രിസ്തു പോലും പരീക്ഷയെ ജയിച്ചത് വചനം എടുത്താണെങ്കിൽ എപ്പോഴും ദൈവവചനം അകത്ത് വസിക്കുന്ന ഒരു ആത്മീക ജീവിതം ഇന്നത്തെ തലമുറയ്ക്ക് അനിവാര്യമാണ്. വക്രതയുള്ള ഈ തലമുറയിൽ ജീവന്റെ വചനം പ്രമാണിച്ചാൽ ജ്യോതിസുകളെപ്പോലെ പ്രകാശിക്കാൻ പറ്റു എന്ന് പൗലോസ് പറയുമ്പോൾ നമ്മുടെ കാലിന് ദീപവും പാതയ്ക്ക് പ്രകാശവുമായ ജീവന്റെ വചനം പ്രമാണിച്ച് വിശുദ്ധ ജീവിതം നയിക്കാൻ യുവജനങ്ങൾ ഉത്സാഹിക്കണം.

### 3. ദുഷ്ടനെ ജയിക്കണം

ദൈവമക്കളുടെ ത്രിവിധ ശത്രുക്കളാണ് ലോകം, ജഡം, പിശാച്. ലോകസ്നേഹം ദൈവത്തോട് ശത്രുത്വം ആകുന്നു എന്നും ഒരുവൻ ലോകത്തെ സ്നേഹിച്ചാൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല എന്നും വചനം പറയുമ്പോൾ ദൈവമക്കൾക്ക് ഒരിക്കലും ഈ ലോകം യോഗ്യമല്ല. നാം ഈ ലോകക്കാരല്ലാത്തതു കൊണ്ട് ലോകം നമ്മെ പകയ്ക്കും. എങ്കിലും ഈ ലോകത്തിന്റെ പ്രഭുവുമായി നമുക്ക് ഒരു കാര്യവുമില്ല. ജഡം മറ്റൊരു ശത്രുവാണ്. ഈ ജഡത്തെ ക്രൂശിക്കാൻ നമുക്ക് സാധിക്കണം. യേശുക്രിസ്തു ഉപവസിച്ചു തീർന്നപ്പോൾ അവന് വിശന്നു എന്നു വചനം പറയുമ്പോൾ ശരീരത്തിന് മാത്രമല്ല വിശപ്പുള്ളത്. എത്രകണ്ടിട്ടും മതി വരുന്നില്ലെങ്കിൽ കണ്ണിന്റെ വിശപ്പാണ്, എത്ര പറഞ്ഞിട്ടും തീരുന്നില്ലെങ്കിൽ നാവിന്റെ വിശപ്പാണ്. ദൈവഹിതമല്ലാത്ത ഈ ജഡത്തിന്റെ വിശപ്പിനെ ക്രൂശിക്കാനും വിശുദ്ധനായി ജയിച്ച് നിൽക്കാനുള്ള ആത്മീകദാഹവും ഇന്നത്തെ തലമുറയ്ക്ക് വേണം.

യേശുക്രിസ്തു പറഞ്ഞു. ജയിക്കുന്നവന് ഞാൻ എന്നോടുകൂടെ എന്റെ സിംഹാസനത്തിൽ ഇരിപ്പാൻ വരം നൽകും (വെളിപ്പാട് 3.21). നമ്മുടെ മാതൃക കർത്താവാണെങ്കിൽ ആത്മാവിന്റെ ശക്തിയോടെ ജീവിച്ച യേശുവിനെപ്പോലെ ആത്മശക്തിയോടും പരീക്ഷയിൽ വചനം ഉപയോഗിച്ച സാത്താനെ ജയിച്ച യേശുക്രിസ്തുവിനെ പോലെ, ദൈവവചനത്താൽ, ജഡത്തെ ക്രൂശിച്ച് ലോകത്തെ, പാപത്തെ, ദുഷ്ടനെ ജയിച്ച് കർത്താവിന്റെ വരവിന് വേണ്ടി നമുക്ക് ഒരുങ്ങാം... ദൈവം നമ്മുടെ യുവജനങ്ങളെ അനുഗ്രഹിക്കട്ടെ.

ഉൾക്കാഴ്ച

# പ്രതിസന്ധികൾ നല്ലതിന്



**സജി മത്തായി കാതേട്ട്**
(കേരളാ സ്റ്റേറ്റ് കൗൺസിൽ അംഗം)

മഹാനായ അലക്സാണ്ടർ ചക്രവർത്തിയുടെ ബാല്യകാലം അതികഠിനമായ പരിശീലന മുറകൾ നിറഞ്ഞതായിരുന്നു. ഗ്രീസിലെ പബ്ലിക് സ്ക്കൂളിൽ പഠിച്ചിരുന്ന അദ്ദേഹത്തിന് വളരെ ത്രീവ്രവും കഠിനവുമായ പരീക്ഷകളും പ്രതിസന്ധികളും നേരിടേണ്ടിയിരുന്നു.

സ്കൂളിൽ മൂന്നു വർഷത്തെ പഠനത്തിനു ശേഷം അവസാനം ഒരു അഗ്നിപരീക്ഷ പാസാകണം. വിദ്യാർത്ഥികളെ വരിവരിയായി നിർത്തി അവരുടെ കൈകളിൽ കത്തുന്ന കൽക്കരി നിറച്ച ഇരുമ്പു ചട്ടികൾ വച്ചു കൊടുക്കും. യാതൊരു അസ്വാസ്ഥ്യങ്ങളും കാണിക്കാതെ പൊരിവെയിലത്ത് കൽക്കരിത്തീയും പേറി മണിക്കൂറുകളോളം നിൽക്കണം. മാതാപിതാക്കളായ ഫിലിപ്പ് രാജാവും രാജ്ഞിയും രാജകുമാരന്റെ പരീക്ഷ കാണാനെത്തി.തീച്ചട്ടിയും കൈയിലേന്തി പൊരിവെയിലത്ത് ക്ഷീണിച്ചവശനായി നിൽക്കുന്ന മകന്റെ മേൽ രാജ്ഞിയ്ക്ക് അലിവ് തോന്നി. അവന്റെ തുടയിൽ ജ്വലിക്കുന്ന കൽക്കരി കഷ്ണം വീണു പൊള്ളലേറ്റപ്പോൾ ഭയവിഹ്വലയായ ആ അമ്മ മകനെ രക്ഷിക്കാനായി മുന്നോട്ടു കുതിച്ചു.അതു കണ്ട് രാജ്ഞിയെ തടഞ്ഞു കൊണ്ട് രാജാവ് അക്ഷോഭ്യനായി പറഞ്ഞു, "നിനക്കെന്തറിയാം?, അവനെ ഞാൻ അതിശക്തനാക്കി വളർത്തുകയാണ്.ഈ പ്രതിസന്ധി അവന്റെ മഹത്തായ വിജയത്തിലേക്കുള്ള സുവർണ്ണ പടവുകളിലൊന്നാണ് '.

ഇങ്ങനെ കഠിനമായ അഗ്നിപരീക്ഷകളെ അതിജീവിച്ച് വളർന്നു വന്നതുകൊണ്ടാണ് 'മഹാനായ അലക്സാണ്ടർ ' എന്ന അപരനാമത്തിൽ ചരിത്രത്താളുകളിൽ അദ്ദേഹത്തിന് ഇടം നേടാനായത്.

നാമറിയുന്ന മറ്റൊരു വിജയനാമമാണ് നെപ്പോളിയൻ. 'നാപ്പ്' എന്ന പേരിലാണ് നെപ്പോളിയൻ ചെറുപ്പത്തിലറിയപ്പെട്ടിരുന്നത്. വളരെയേറെ ദാരിദ്ര്യവും കഷ്ടപ്പാടും സഹിച്ചാണ് നാപ്പ് ജീവിച്ചത്. ജീവിത ദുരിതങ്ങളിൽ മനംമടുത്ത് കടലിൽ ചാടി മരിക്കുവാൻ തീരുമാനിച്ചു. അതിനായി കടൽത്തീരത്തേക്ക് പോയ അവന്റെ മുഖഭാവം ഒരു മനുഷ്യൻ യാദൃശ്ചികമായി ശ്രദ്ധിച്ചു. അയാൾ അവന്റെ പ്രയാസത്തിന്റെ കാരണങ്ങളന്വേഷിച്ചു.സാമ്പത്തിക ക്ലേശം കൊണ്ട് നിത്യവൃത്തിക്ക് വഴിയില്ലാതെ നിരാശനായി ആത്മഹത്യ ചെയ്യുവാൻ പോവുകയാണെന്ന് അവൻ സമ്മതിച്ചു. ആ നല്ല മനുഷ്യന് ദയ തോന്നി ഒരു സ്വർണ്ണ നാണയം അവനു നല്കി. മരിക്കരുതെന്ന് ഉപദേശിച്ചു. ഇങ്ങനെ പ്രതിസന്ധികളിലൂടെ വളർന്നു വന്ന നാപ്പാണ് ധീരതയുടെ പര്യായമായി ചരിത്രത്തിൽ സ്ഥാനം നേടിയ നെപ്പോളിയൻ ബോണപ്പാർട്ടായി മാറിയത്. 'അസാദ്ധ്യം' എന്ന പദം എന്റെ നിഘണ്ടുവിലില്ല' എന്നദ്ദേഹം ജീവിച്ചു പ്രഖ്യാപിച്ചു.

ഹാരി പോട്ടർ കഥകളിലൂടെ ലോക പ്രശസ്തയും ലോകത്തിലെ ഏറ്റവും സമ്പന്ന വനിതയുമായിത്തീർന്ന ജെ.ജെ. റോളിംഗിന്റെ അഭിപ്രായത്തിൽ 'പരാജയത്തിന്റെ വേതനമാണ് മഹത്തായ വിജയം!'. റോളിംഗിന്റെ ജീവിതവും ഏറെക്കുറെ ദുരന്ത പൂർണ്ണമായിരുന്നു. വിവാഹബന്ധം തകർന്ന അവർക്ക് ഏക മകളെ പോറ്റുന്നതിനായി പല കഠിന ജോലികളും ചെയ്യേണ്ടി വന്നു.ആദ്യ നോവലിന്റെ കയ്യെഴുത്തു പ്രതിയുമായി പല പ്രസാധകരെയും സമീപിച്ചെങ്കിലും നിരാശയായിരുന്നു ഫലം. ആരും അത് പ്രസിദ്ധീകരിക്കുവാൻ തയ്യാറായില്ല. പക്ഷെ അവർ നിരന്തരം പരിശ്രമിച്ചുകൊണ്ടിരുന്നു. ഒടുവിൽ ദയ തോന്നിയ ഒരു പ്രസാധകൻ ഒരു സാഹസമെന്ന നിലയിൽ അത് ഏറ്റെടുത്തു. അക്കാലങ്ങളിൽ താൻ കടുത്ത നിരാശയിൽ ആത്മഹത്യ ചെയ്യാൻ ആഗ്രഹിച്ചിരുന്നു എന്ന് അടുത്ത കാലത്ത് റോളിങ്ങ് വെളിപ്പെടുത്തുകയുണ്ടായി. പ്രതിസന്ധികളിൽ തളർന്ന് അവർ ജീവിതം ഹോമിച്ചിരുന്നെങ്കിൽ ലോകപ്രശസ്ത കഥാപാത്രം ഹാരി പോട്ടർ ജന്മമെടുക്കുകയില്ലായിരുന്നു.

മുകളിൽ പറഞ്ഞിരിക്കുന്ന മൂന്നു കഥാപാത്രങ്ങളെക്കാളും ശ്രേഷ്ഠതയുള്ളവരാണ് യുവാക്കളായ നാം.പ്രതിസന്ധികൾ നേരിടാത്തവരാരുമില്ല. പ്രതിസന്ധികളിലൂടെ മാത്രമേ ഒരു വിശ്വാസിക്ക് വിജയം നേടാനാവൂ. ബൈബിളിലെ ഭക്തഗണങ്ങളെല്ലാം ഓരോവിധ പ്രതിസന്ധികളെ തരണം ചെയ്തവരായിരുന്നു. വിശ്വസ്തനും ഭക്തനുമാകണമെങ്കിൽ കടുതൽ ക്ലേശമനുഭവിക്കണമെന്ന് നമ്മുടെ പിതാക്കന്മാർ പ്രസംഗിച്ചു നടന്നത് ഓർമ്മയില്ലേ. കേരളത്തിലെ പെന്തെക്കോസ്തു സഭകളുടെ വളർച്ചക്ക് നേതൃത്വം നല്കിയ നമ്മുടെ പിതാക്കന്മാരുടെ ജീവിതം സുഖ സുന്ദരമായിരുന്നില്ല. അവഗണനന, പട്ടിണി, സാമ്പത്തിക ക്ലേശം, നിരാശ, ഒറ്റപ്പെടൽ, രോഗം തുടങ്ങിയവ അവരെ വേട്ടയാടിയെങ്കിലും അവർ ശക്തരായിരുന്നു. ക്രിസ്തുവിനായി അവർ നാടും കാടും മേടും ഓടിനടന്നു.

പ്രതിസന്ധികളിലെങ്ങനെ പിടിച്ച് നില്ക്കാമെന്നു ഒരു സുഹൃത്ത് കഴിഞ്ഞ ദിവസം ഒരു ക്ലാസിനിടെ ചോദിച്ചപ്പോൾ ഉത്തരം പറയേണ്ടതെന്തെന്ന് ഞാൻ ഒന്നു പരതി. അപ്പോൾ എഴുപതു വയസു കഴിഞ്ഞ ഒരു വയോധികൻ ഉറക്കെ വിളിച്ചു പറഞ്ഞു. ദൈവവചനത്തിലാശ്രയിച്ചാൽ മാത്രം മതി ;നമ്മെ ശക്തനാക്കുന്നവൻ നമ്മോടൊപ്പമുണ്ട്'. നമ്മെ ശക്തനാക്കുന്നവനിലെ ആശ്രയത്വം ആണ് നമ്മെ പ്രതിസന്ധിയിൽ നിന്നും ഉയർപ്പിക്കുന്നത്. ഒരു ഭക്തൻ പ്രതിസന്ധിയിൽ ഉറക്കെപ്പാടിയത് നാം മറക്കരുത്; ' യഹോവയിൽ ആശ്രയിക്കുകയും യഹോവ തന്നെ ആശ്രയമായിരിക്കുകയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ'.

മറ്റൊരിക്കൽ ഇതേ ഭക്തൻ പാടി ' ഞാൻ എന്റെ കണ്ണ് പർവ്വതങ്ങളിലേക്ക് ഉയർത്തുന്നു. എനിക്ക് സഹായം എവിടെ നിന്നു വരും. എന്റെ സഹായം ആകാശത്തേയും ഭൂമിയേയും ഉണ്ടാക്കിയ യഹോവയിങ്കൽ നിന്നും വരുന്നു.'

'ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു. കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു. അതു കൊണ്ട് ഭൂമി മാറി പോയാലും... പർവതങ്ങൾ കുലുങ്ങിയാലും നാം ഭയപ്പെടുകയില്ല.' പ്രതിസന്ധികളിൽ നമ്മൊടൊപ്പം ദൈവം ഉണ്ടെന്നുള്ളതാണ് ഏറ്റവും വലിയ വിജയം.

പ്രതിസന്ധികളെ നേരിടാൻ:

1. ദൈവത്തിലുള്ള ഉറച്ച വിശ്വാസവും ആശയത്വവും
2. പരാജയങ്ങളിൽ ഭയപ്പെടാതിരിക്കുക.
3. മറ്റുള്ളവരുമായി തന്മയീഭാവം (empathy) പുലർത്തുവാൻ നിങ്ങളുടെ ഭാവന ഉപയോഗപ്പെടുത്തുക.
4. കഠിനാദ്ധ്വാനവും സ്ഥിരോത്സാഹവും
5. എപ്പോഴും പ്രാർത്ഥനയോടെ ദിവസം മുഴുവനും പ്രവർത്തിക്കുക.

'ലോകത്ത് നിങ്ങൾക്ക് കഷ്ടമുണ്ട് എങ്കിലും ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു'വെന്ന് ക്രിസ്തുനാഥൻ പറഞ്ഞത് മറക്കാതിരിക്കുക. സൂര്യോദയത്തെ പരാജയപ്പെടുത്താൻ കഴിയുന്ന ഒരു രാത്രിയോ' പ്രത്യാശയെ തോൽപ്പിക്കാൻ കഴിയുന്ന ഒരു പ്രതിസന്ധിയോ ഒരിക്കലും ഉണ്ടായിട്ടില്ല, എന്ന് ഓർക്കുക.





# ചില സ്ത്രീപക്ഷ ചിന്തകൾ

**സന്തോഷ് എം.പീറ്റർ**
(പി.വൈ.പി.എ സംസ്ഥാന
ജോയിന്റ് സെക്രട്ടറി)

**സ്ത്രീ**സ്വത്വം, സ്ത്രീസമത്വം, സ്ത്രീകളുടെ അവകാശങ്ങളും അധികാര പരിധികളും തുടങ്ങി സ്ത്രീസംബന്ധിയായ ഒട്ടേറെ വിഷയങ്ങൾ എക്കാലത്തും ആശയസ്ഫോടനങ്ങൾ സൃഷ്ടിച്ച വിഷയങ്ങളാണ്. ഏതൊരും ജാതിയിലും സമൂഹത്തിലും സമുദായത്തിലും മതത്തിലും സ്ത്രീവിഷയങ്ങൾ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. അവളുടെ ആത്മീയത, സർഗ്ഗാത്മകത, ജൈവികത തുടങ്ങിയവയെല്ലാം ആൺകോയ്മയുടെ കീഴിൽ മാത്രം നിൽക്കേണ്ടവയാണെന്ന് നൂറ്റാണ്ടുകളായി ധരിച്ചുപോരുന്നു. ഭർതൃസിംഹാസനത്തിനുമുമ്പിൽ തൊഴുതുനിൽക്കുക, സ്ത്രീപുരുഷ സൃഷ്ടിയിലെ രണ്ടാംതരം ജന്മം, സ്ത്രീ വെറും ഉപഭോഗവസ്തു എന്നിദ്യാതി സ്ത്രൈണതയെ സംബന്ധിച്ചുള്ള വീക്ഷണങ്ങൾ ആധുനികസമൂഹത്തിലും ഒട്ടും കുറവല്ല.

ലോകത്ത് മുഖ്യധാരയിൽ നിൽക്കുന്ന ഹൈന്ദവ-ഇസ്ലാം മതങ്ങളിലും യഹൂദ-ക്രൈസ്തവ മതങ്ങളിലുമൊക്കെ ആരാധനയിലും കർമ്മങ്ങളിലും സ്ത്രീക്ക് പുരുഷന്റെ സ്വാതന്ത്ര്യമോ സമത്വമോ പ്രാരംഭം മുതൽതന്നെ നിഷേധിക്കപ്പെട്ടിരുന്നു പ്രഭാതപ്രാർഥനയിലും പ്രദോഷപ്രാർഥനയിലും യഹൂദർ, ദൈവമേ എന്നെ സ്ത്രീയായും മൃഗമായും സൃഷ്ടിക്കാതിരുന്നതിന് അങ്ങേയ്ക്ക് നന്ദി എന്ന് പ്രാർഥിച്ചിരുന്ന പ്രാചീന സംസ്കാരവും ശബരിമലയിൽ യുവതീപ്രവേശനത്തിനെതിരെ നടക്കുന്ന സമകാലിക പ്രക്ഷോഭങ്ങളുമൊക്കെ സ്ത്രൈണ ആത്മീയതയുടെ അതിർവരമ്പുകളെയാണ് കാണിക്കുന്നത്. ഇത്തരം സംഭവങ്ങൾ എല്ലാ മതങ്ങളിലും തീവ്രമായി കാണാൻ കഴിയും. വേഷഭൂഷാദികൾ, സ്ത്രീകളുടെ സഞ്ചാര-സംസാര സ്വാതന്ത്ര്യം മുതലായ കാര്യങ്ങൾ പുരുഷാധിപത്യ നിയമങ്ങൾക്ക് എവിടെയും എപ്പോഴും വിധേയമാണ്.

ആൺകോയ്മയുടെ ലിംഗപരമായ അടിച്ചമർത്തലുകൾ കുടുംബങ്ങളിലും ആത്മീയതയിലും രാഷ്ട്രീയത്തിലും അവൾ നേരിട്ടിട്ടുണ്ടെങ്കിലും സ്ത്രീ എത്തിപ്പിടിച്ച ഉന്നതികൾ വളരെ വലുതാണ്. ഇന്ദിരഗാന്ധിയും ജയലളിതയും അരുന്ധതി റോയിയും പോലെയുള്ള നിരവധി പേർ ഭാരതത്തിന്റെ യശസ്സ് ലോകത്തിനുമുമ്പിൽ ഉയർത്തിയ വനിതാനക്ഷത്രങ്ങളാണ്. ദുരാചാരങ്ങളും വികലബോധങ്ങളും വച്ചുപുലർത്തുന്നവർ, മാറ്റത്തിന് മടിക്കുന്നവർ, മതാന്ധതയുടെ കാവൽക്കാർ, ബൗദ്ധികവൈകല്യമുള്ളവരൊക്കെയാണ് സ്ത്രീപക്ഷ നിലപാടുകളോട് എതിർക്കുന്നത്. മാറുന്ന സമൂഹ പരിസരത്തിൽ യാഥാർഥ്യബോധങ്ങളെ ഉൾകൊണ്ട് സ്ത്രീയുടെ മാനസിക, ശാരീരിക, ആത്മീയ തലങ്ങളിൽ ധാർമിക തയിൽ അധിഷ്ഠിതമായ സ്വാതന്ത്ര്യസ്വപ്നങ്ങൾക്ക് പൊതുസമൂഹം അനുമതി നല്കേണ്ടതുണ്ട്.

സ്ത്രീപക്ഷ സമീപനങ്ങളെക്കുറിച്ച് വിശുദ്ധ വേദപുസ്തകം വൈശിഷ്ടമേറിയ ആശയങ്ങളാണ് നല്കിയിട്ടുള്ളത്. സൃഷ്ടികർമ്മത്തിൽ ദൈവം തന്റെ സാദൃശ്യത്തിലും സ്വരൂപത്തിലും മനുഷ്യനെ സൃഷ്ടിക്കുമ്പോൾ ശരീരഘടനയിലുള്ള വ്യത്യാസമല്ലാതെ മറ്റെന്തെങ്കിലും വ്യത്യാസത്തോടെ സ്ത്രീയെയും പുരുഷനെയും വിഭിന്നമായി സൃഷ്ടിച്ചെന്ന് നാം കാണുന്നില്ല (ഉല്പത്തി 1:26-27) ദൈവത്തിന്റെ സാദൃശ്യവും സ്വരൂപവും രണ്ടുപേർക്കും തുല്യമായി ദൈവം കൊടുത്തു. സകലത്തിന്മേലും വാഴുവാനുള്ള അധികാരവും "അവർക്കാണ്" കൊടുത്തത്. ആദമിന് മാത്രമല്ലായിരുന്നു. സ്ത്രീയെയും പുരുഷനെയും ജൈവവിഭിന്നതയിൽ സൃഷ്ടിച്ചതുതന്നെ ഇരുവരുടെയും കൂട്ടായ്മക്കും നിലനിൽപ്പിനുമായിരുന്നുവെന്നത് അസമത്വമെന്ന ആശയത്തെ നിരർഥകമാക്കുന്നു. ആരോഗ്യം, കഴിവുകൾ, ബുദ്ധി തുടങ്ങി മനുഷ്യന്റെ അടിസ്ഥാനപരമായ എല്ലാ കാര്യങ്ങളിലും ഏകീകൃതമായ സ്ത്രീപുരുഷ സങ്കല്പങ്ങൾ കണ്ടെത്താവുന്നതാണ്.

പാപം ചെയ്തപ്പോൾ ദൈവം ഇരുവരെയും ശപിച്ചു. ദൈവം ശപിച്ചത് ഹവ്വയെ മാത്രമല്ലായിരുന്നു. ഒടുവിൽ രക്ഷണ്യപദ്ധതിയിൽ യേശുവിലൂടെയുള്ള നിത്യമായ രക്ഷ സ്ത്രീപുരുഷഭേദം കൂടാതെയായിരുന്നു. രക്ഷയിൽ മാത്രമല്ല, സ്നാനത്തിലും സമത്വസ്വഭാവം നാം കാണുന്നു. ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു. അതിൽ യെഹൂദനും യവനനും എന്നില്ല; ദാസനും സ്വതന്ത്രനും എന്നില്ല, ആണും പെണ്ണും എന്നുമില്ല; നിങ്ങൾ എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നത്രേ (ഗലാത്യർ 3:27-28). ഇവിടെ പൗലൊസിന്റെ കാഴ്ചപ്പാട് പ്രസക്തമാണ്. എന്നാൽ കർത്താവിൽ പുരുഷനെ കൂടാതെ സ്ത്രീയുമില്ല സ്ത്രീയെ കൂടാതെ പുരുഷനുമില്ല. സ്ത്രീ പുരുഷനിൽനിന്നു ഉണ്ടായതുപോലെ പുരുഷനും സ്ത്രീ മുഖാന്തരം ഉളവാകുന്നു; എന്നാൽ സകലത്തിന്നും ദൈവം കാരണഭൂതൻ (1 കൊരിന്ത്യർ 11:11-12). എങ്കിലും ചില സന്ദർഭങ്ങളിൽ സ്ത്രീയെയും പുരുഷനെയും വ്യത്യസ്ത പദവികളിലും ഉത്തരവാദിത്തങ്ങളിലും ബൈബിൾ അവരോധിച്ചിട്ടുള്ളത് നിർവ്വഹണപരമായ കീഴ്വഴക്കങ്ങൾക്കുവേണ്ടിയാണ്. സഭയിലും കുടുംബത്തിലും നേതൃത്വത്തിലും കാർമ്മിക ശുശ്രൂഷയിലും അത്തരം കീഴ്വഴക്കങ്ങൾ ദൈവികമായതിനാൽ സ്ത്രീയും പുരുഷനും അത്തരം ദൈവികകാഴ്ചപ്പാടോടെ അവയെ ഉൾകൊള്ളേണ്ടതാണ്.

നല്ലൊരു സഭയും സമൂഹവും കുടുംബവും രാഷ്ട്രവുമൊക്കെ പണിതെടുക്കാൻ പുരുഷ ാരോടൊപ്പം സ്ത്രികളും തുല്യപ്രതിജ്ഞാബദ്ധരാണ്. ദെബോരയും എസ്ഥേറും യേശുവിന്റെ കൂടെയുണ്ടായിരുന്ന സ്ത്രീകളും ലേഖനങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള സഹോദരിമാരും ഇന്ന് നമുക്ക് മാതൃകയാകണം. ബൈബിൾ വിഭാവനം ചെയ്യുന്ന സ്ത്രീപക്ഷ ദൈവികചിന്തകൾ ഉദാത്തവും സമ്പൂർണ്ണവുമായതുകൊണ്ട് അവ ലോകത്തിനുമുമ്പിൽ വരച്ചുകാണിക്കാൻ വിശ്വാസികളും കടപ്പെട്ടവരാണ്.

# സ്ഥാനം ദൈവത്തിനോ സമ്പത്തിനോ



**പാസ്റ്റർ സാം അഞ്ചൽ**
(പി.വൈ.പി.എ കൊട്ടാരക്കര മേഖലാ സെക്രട്ടറി)



**ആ**ത്മീയ ജീവിതത്തിൽ ശ്രേഷ്ഠമേറിയ സ്ഥാനം ദൈവത്തിനാണ്. തിയറിയിൽ മാത്രം ഒതുങ്ങി നിൽക്കുന്നതും പ്രാവർത്തികമാക്കാൻ പലരും മറക്കുന്ന കാര്യമാണ്. മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ എന്നു യേശുകർത്താവ് പറഞ്ഞിരിക്കുന്ന അതി ശ്രദ്ധേയമായ വചനം എത്രയോ പ്രാധാന്യമർഹിക്കുന്നതാണ്. മുമ്പെ എന്ന പദം വളരെ പ്രാധാന്യം കൊടുക്കുന്നതാണ്. 21 -ാം നൂറ്റാണ്ടിന്റെ ചവിട്ടുപലകയിൽ എത്തി നിൽക്കുന്ന ആത്മീയ ഗോളം മുമ്പെ എന്ന പദം മായിച്ചു കളഞ്ഞുകൊണ്ടിരിക്കുകയാണ്.

മുമ്പെ എന്ന പദം മാറി പിമ്പെ എന്ന നിലയിൽ പോലും ദൈവത്തിനു സ്ഥാനം കൊടുക്കാത്ത നിലയിൽ ആത്മീയ മണ്ഡലം എത്തിച്ചേർന്നിരിക്കയാണ്. ദൈവത്തിന്റെ സ്ഥാനം ഇന്ന് പലരിലും അന്യപ്പെട്ടുപോയി. സാമ്പത്തിക ഭദ്രതയിൽ സമ്പന്നരാണ് എന്ന തോന്നൽ ദൈവ സംബന്ധമായുള്ള വിഷയത്തിൽ നിന്നകറ്റികളയുന്നു. ദൈവത്തെയും ദൈവ വചനത്തേയും വിറ്റ് കുറുക്കുവഴികൾ തേടി ഓടുകയാണ് ഇന്ന് സമ്പത്തിനായി.

സമ്പത്തും ദൈവത്തേയും ഒരുമിച്ച് കൊണ്ടുപോവുക പ്രയാസമാണ്. സമ്പത്തിനു പുറമെ ദൈവം വരില്ല. സമ്പത്തിലല്ല ദൈവം പ്രസാദിക്കുന്നത്. ദ്രവ്യാഗ്രഹം എന്ന വലിയ പാപത്തിന്റെ പൊടിപടലം കൊണ്ട് ആത്മീയ ലോകം മലിനമായിതീർന്നിരിക്കുന്നു. വചനം വിറ്റും സുവിശേഷത്തെ മറയാക്കിയും കൊണ്ട് കൃപാവരങ്ങളെ ദുരുപയോഗം ചെയ്തും ആത്മീയതയുടെ വേഷമണിഞ്ഞ് വമ്പൻ സാക്ഷ്യങ്ങളും കള്ളക്കച്ചവടങ്ങളും എല്ലാത്തിൽ കൂടെയും ധനം സമ്പാദിക്കാൻ ശ്രമിക്കുന്നവർ ദൈവ ഹിതത്തിന് വെളിയിലാണ്. പണ സമ്പാദനത്തിനായ് പ്രത്യക്ഷമായും പരോക്ഷമായും ശുശ്രൂഷകളിലും ബന്ധങ്ങളിലും വക്രതകൾ കാട്ടുന്നവർ ഏറെയാണ്.

യിരമ്യാ പ്രവാചകൻ 45.5 ൽ ഇപ്രകാരം പറയുന്നു... എന്നാൽ നീ നിനക്കായിട്ടു വലിയ കാര്യങ്ങളെ ആഗ്രഹിക്കുന്നുവോ ആഗ്രഹിക്കരുത്... നാം വലിയ കാര്യങ്ങൾ ആഗ്രഹിക്കുന്നത് ദൈവനാമ മഹത്വത്തിനായിട്ടായിരിക്കണം. നാം യഥാർത്ഥമായി ദൈവത്തെ സ്നേഹിക്കുന്നവെങ്കിൽ സ്വയത്തിനായ് ഉയരുന്ന ആഗ്രഹങ്ങൾ കെട്ടടങ്ങും. ജഢത്തിൽ നിന്നുയരുന്നതാണ് ദ്രവ്യാഗ്രഹം. ഒരു ദൈവപൈതൽ സ്മ്പത്തിന്റെപിന്നാലെയല്ല ഓടേണ്ടത്. നന്മയും കരുണയും ആയുഷ്കാലത്തിൽ പിൻതുടരും എന്നാണ് വാഗ്ദത്തം. ഈ വാഗ്ദത്തം നിറവേറി ഇല്ല എന്ന് ചിന്തിക്കുന്നവർ നമ്മെപ്പറ്റി തന്നെ ചിന്തിക്കണം. പിൻതുടരുന്നത് നമ്മെയാണ്. നാം പിൻതുടരാൻ വചനം പറയുന്നില്ല. നാം പിൻതുടരുന്നത് അനർഥമായി മാറും.

ദൈവത്തിന്റെ അനുഗ്രഹമാണ് സമ്പത്ത് എന്ന് നാം പലരും മറക്കുന്നു. സ്വന്തലാഭത്തിനു വേണ്ടി ഹൃദയത്തിൽ ഉദിച്ചുയർന്ന അശുദ്ധ ആഗ്രഹമായിരുന്നു ആഹാബിന്റേത്. മാറ്റിവച്ച് ഏതിന് വേണ്ടി ഓടുന്നുവോ അതിൽ നമ്മുടെ നാശം അടുത്തിരിക്കുന്നു എന്നു മറക്കരുത്. കണക്കു ചോദിക്കുന്ന നാൾ അടുത്തിരിക്കുന്നു. നമ്മോടു കൂടെ ഉള്ളവരെ പലരെയും മറെക്കാം, മറക്കാൻ കഴിയാത്തവൻ ഒരുവനുണ്ട്.

ആരാധനയും ദൈവീക വാഗ്ദത്തങ്ങളും അവഗണിച്ച് ലോകത്തിലെ സമൃദ്ധി തേടിപ്പോയ ലോത്തിന്റെ കുടുംബം വലഞ്ഞുപോയ നീതിമാൻ എന്ന നാമവിശേഷണത്തിൽ കാണുന്നു. പെട്ടെന്നുള്ള സമ്പത്ത് പ്രതീക്ഷിച്ചു ആഖാൻ കുടുംബമായി കൊല്ലപ്പെട്ടു. അനീതിയുടെ കൂലി കൊതിച്ചു ബിലെയാം വാളിനിരയായി കൊല്ലപ്പെട്ടു. ശുശ്രൂഷ പണ സമ്പാദനത്തിനല്ല എന്ന പാഠം ഗുരുവിൽ നിന്നും പഠിക്കാത്ത ഗേഹസിക്ക് കുഷ്ഠം എന്ന രോഗം സ്വന്തമായി. യേശുവിനെ ഒറ്റിക്കൊടുത്ത യൂദാ കെട്ടിഞാന്ന് ചത്തു.

ദൈവീക ബന്ധത്തിൽ നാം തന്ത്രശാലികൾ ആകരുത്. സക്കായിയുടെ മാനസാന്തരം ആണ് ഇതിന്റെ ആവശ്യം ചതിവായി വാങ്ങിയത് തിരികെ നൽകുവാൻ തോന്നിയ മാനസാന്തരം സക്കായിയുടെ ഭവനത്തിൽ സക്കായിക്കൊപ്പം യേശുക്രിസ്തുവിനെ ഇരുത്തിയത്. ഈ മാനസാന്തരം ഓരോതലത്തിലും സംഭവിക്കേണം. നമ്മിൽ നിന്നും ക്രിസ്തു അന്യമായി പോയ സാഹചര്യം എവിടെ എന്ന് അന്വേഷിച്ച് മടങ്ങിവരാൻ ആഗ്രഹം ഉണ്ടായാൽ അനുഗ്രഹമാണ്. വാക്കുകളിൽ ദൈവത്തിന്റെ സ്ഥാനം മുന്നിലാണ്, പ്രവർത്തികളിലും മുന്നിലാകണം.

ദൈവത്തിന്റെ സ്ഥാനം എവിടെയാണ് എന്ന് നാം പരിശോധിക്കേണ്ട മണ്ഡലങ്ങൾ ഏതൊക്കെയാണ്. ഭവനത്തിൽ ദൈവത്തിനു സ്ഥാനം ഉണ്ടോ. അതോ ബന്ധങ്ങൾക്കാണോ സ്ഥാനം. നാം ആയിരിക്കുന്ന ദേശത്ത് ദൈവത്തിനു സ്ഥാനം ഉണ്ടോ, നാം ആയിരിക്കുന്ന സമൂഹത്തിൽ നാം ദൈവത്തിന് സ്ഥാനം കൊടുക്കുന്നുവോ, അതോ നാം ആണോ ഉയർന്നു നിൽക്കുന്നത്. നാം ആയിരിക്കുന്ന സഭയിൽ ഞാൻ ദൈവത്തിന് സ്ഥാനം കൊടുക്കുന്നുവോ, അതോ സ്വയ പുകഴ്ചയും വ്യഥാ വാക്കുകളുമാണോ. നാം എവിടെയായാലും അവിടൈയെല്ലാം ദൈവം ഉയർന്നാൽ ദൈവ വചനം ഉയർന്നാൽ അനുഗ്രഹം പിൻതുടരും. ആ അനുഗ്രഹങ്ങൾ നിലനിൽക്കും. ആ അനുഗ്രഹങ്ങളാണ് ഇന്നിന്റെ ആവശ്യം. അതിനായ് നമുക്ക് ഒരുങ്ങുകയും മറ്റുള്ളവരെ ഒരുക്കുകയും ചെയ്യാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.



**ഷോണി തോമസ്, ഡാളസ്**
*പി.വൈ.പി.എ.*
*മിഡ് വെസ്റ്റ് റീജിയൻ സെക്രട്ടറി*



# വെല്ലുവിളികൾ ഏറ്റെടുക്കുക

**ജീ**വിതം വെല്ലുവിളികൾ നിറഞ്ഞതാണ്. ജീവിതം വിജയമാക്കുന്നത് വെല്ലുവിളികൾ ഏറ്റെടുക്കുന്നവരാണ്. ചിലപ്പോൾ പരാജയങ്ങൾ ഉണ്ടായേക്കാം. പക്ഷെ, പരാജയങ്ങളെയും വിജയത്തിന്റെ പടികളായി കണക്കാക്കുന്നവരാണ് ജീവിതം വിജയത്തിലാക്കുന്നത്. തോമസ് എഡിസൺ ഇലക്ട്രിക് ബൾബ് കത്തിക്കുവാൻ നടത്തിയ നാനൂറോളം പരീക്ഷണങ്ങൾ പരാജയപ്പെട്ട ശേഷമാണ് വിജയിച്ചത്. നാനൂറോളം പരീക്ഷണങ്ങൾ പരാജയപ്പെട്ടല്ലോയെന്ന് ഒരാൾ പറഞ്ഞപ്പോൾ എഡിസന്റെ മറുപടി ഇങ്ങനെയായിരുന്നു. ഇല്ല, അതു പരാജയമല്ല, എങ്ങനെ ചെയ്താൽ ബൾബ് കത്തുകയില്ലായെന്ന് ഞാൻ പഠിച്ചു. പരാജയങ്ങളോടുള്ള സമീപനമാണ് വിജയത്തിലേക്ക് നയിക്കുന്നത്.

പരിമിതികളും വൈകല്യങ്ങളും ചൂണ്ടികാട്ടിക്കൊണ്ട് വെല്ലുവിളികളോട് പരാജയം സമ്മതിച്ച് മടങ്ങുന്നവരുണ്ട്. മിസ്രയീമിൽ നിന്നും യഹൂദന്മാരെ കനാനിലേക്ക് നയിക്കുവാൻ ദൈവം തിരഞ്ഞെടുത്തത് മോശയെയാണ്. വിക്കനായ മോശ പല ഒഴിവുകഴിവുകളും ദൈവത്തോട് പറഞ്ഞു നോക്കി താൻ പറഞ്ഞാൽ യിസ്രായേല്യർ വിശ്വസിക്കയില്ലെന്നും, താൻ വിക്കനാണെന്നും ഒക്കെ പറഞ്ഞു നോക്കി. തന്റെ മുൻവിധികളും, മുൻകാല പരാജയങ്ങളും വൈകല്യങ്ങളുമൊക്കെ മോശയെ അലട്ടുന്നുണ്ടായിരുന്നു. ഒടുവിൽ ദൈവം മോശയോട് കോപിച്ചു. ദൈവത്തിന്റെ സഹായം ഉറപ്പായതോടെ മോശ അതും ഏറ്റെടുത്തു. ദൈവിക വെല്ലുവിളി ഏറ്റെടുത്തപ്പോൾ യാത്രയിലെ തടസ്സങ്ങൾ ദൈവം തന്നെ മാറ്റി കൊടുത്തു. മുൻ കോപിയായിരുന്ന മോശയെ ദൈവം സൗമ്യനായ മോശയാക്കി. ലോക ചരിത്രത്തിലെ ഏറ്റവും വലിയ വിമോചക നേതാവായി മോശ ഇന്നും അറിയപ്പെടുന്നു. വെല്ലുവിളികൾ ഏറ്റെടുക്കുമ്പോൾ, വിശ്വാസത്താൽ യാത്ര ചെയ്യുമ്പോൾ, ബലഹീനനെ ദൈവം ശക്തനാക്കും.

ഗോലിയാത്ത് ഏലം താഴ്വരയിൽ നാൽപുത ദിവസം തുടർച്ചയായി യിസ്രായേല്യരെ വെല്ലുവിളിച്ചു. ഗോലിയാത്തിന്റെ വലിപ്പം കണ്ട ഏവരും ഭയപ്പെട്ടോടി. ശൗലും പട്ടാളക്കാരും പരാജയപ്പെട്ടതാണ് ബലനായ ദാവീദ് രംഗപ്രവേശനം ചെയ്തത്. യിസ്രായേലിന്റെ ദൈവത്തെ നിന്ദിക്കുന്ന ഫെലിസ്ത്യരെ കൊല്ലുവാൻ ദാവീദ് മനസ്സുകൊണ്ട് തീരുമാനിച്ചു. ഗോലിയാത്തിനെ കൊല്ലുന്നവന് എന്ത് കിട്ടുമെന്നുള്ള ദാവീദിന്റെ ചോദ്യം അവന്റെ ജ്യേഷ്ഠന്മാർക്ക് ഇഷ്ടപ്പെട്ടില്ല. ദാവീദ് അഹങ്കാരിയാണെന്നും, പടകാണാൻ വന്നതാണെന്നും അവർ കുറ്റാരോപണം നടത്തി. പക്ഷെ ദാവീദ് തന്റെ തീരുമാനത്തിൽ ഉറച്ചു നിന്നു.

വാർത്തയറിഞ്ഞ ശൗൽ രാജാവും ദാവീദിനെ നിരുത്സാഹപ്പെടുത്തി. "നീ ബാലൻ ആകുന്നു" എന്നാണ് ശൗൽ പറഞ്ഞത്. ഗോലിയാത്ത് വലിയ വല്ലനാണെന്നും പറഞ്ഞ് ശൗൽ ദാവീദിനെ ഭയപ്പെടുത്താൻ ശ്രമിച്ചു. പക്ഷെ ദാവീദ് പിന്മാറാൻ തയ്യാറായില്ല. ഗോലിയാത്തും ദാവീദിനെ പരിഹസിച്ചു. കയ്യിൽ കവണയുമായി വരുന്ന ദാവീദിനെ പരഹസിച്ചു. പക്ഷെ ദാവീദിന്റെ മനസ്സു പറഞ്ഞു ദൈവം എനിക്കായി യുദ്ധം ചെയ്യും. ഈ ഗോലിയാത്തിനെ എന്റെ കൈയിൽ ഏല്പിക്കും.

ഗോലിയാത്തിന് വലിപ്പവും ആയുധബലവും ഉണ്ടായിരുന്നു. സകലവും ഗോലിയാത്തിന്റെ വലിപ്പം കണ്ട് ഭയന്നു. പക്ഷേ ദാവീദ് നോക്കിയത് ദൈവത്തിന്റെ വലിപ്പമാണ്. ദാവീദിന്റെ ആശ്രയം ആയുധത്തിലല്ല, ദൈവത്തിലായിരുന്നു. ഒറ്റയേറിന് ഗോലിയാത്തിനെ പിടത്തി, അവന്റെ വാൾ കൊണ്ടു തന്നെ അവന്റെ തല അറത്തപ്പോൾ വിജയിച്ചത് ദാവീദല്ല, യിസ്രായേലിന്റെ ദൈവമാണ്. ദൈവത്തിന്റെ അഭിഷേകതൈലം തലയിൽ വീണ ദാവീദിന്റെ തല ഉയർന്നു നിന്നു. ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കുന്ന യൗവനക്കാർ, മറ്റുള്ളവർ പകച്ചു നിൽക്കുന്നിടത്ത് വിജയകൊടി പാറി പറപ്പിക്കും.

നല്ലതു മുൻപിലുള്ള ഏത് തടസ്സത്തെയും മാറുവാൻ ദൈവത്തിനു കഴിയും. സെരുബാബേലിനു മുൻപിലുള്ള മഹാപർവ്വതത്തെ സമഭൂമിയാക്കിയ ദൈവത്തിന്റെ ആത്മാവ് നമ്മിൽ വസിക്കുന്നുവെന്ന ബോധ്യം നമുക്കുണ്ടാകണം. ജയത്തിനു കുതിര വ്യർത്ഥമത്രേ. "സൈന്യത്താലല്ല ശക്തിയാലല്ല, ദൈവത്തിന്റെ ആത്മാവിനാലത്രെ" നാം വെല്ലുവിളികളെ തരണം ചെയ്യുന്നത്. ഈ തലമുറയിൽ, കാലഘട്ടത്തിന്റെ വെല്ലുവിളികൾ ഏറ്റെടുത്ത് പിശാചിന്റെ കോട്ടകൾ തകർക്കുവാൻ പി.വൈ.പി.എ അംഗങ്ങൾ പ്രതിജ്ഞാബദ്ധരാണ്. കേരളത്തിലെ പ്രവർത്തകരോടൊപ്പം നോർത്തമേരിക്കൻ മിഡ്വെസ്റ്റ് റീജിയൻ പി.വൈ.പി.എ അംഗങ്ങൾ ഉണ്ടാവും.

കവിത

# ഭക്തയാത്ര



**അനീഷ ജസ്റ്റിൻ**

ദ്വയസഹസ്രാബ്ദങ്ങൾക്കുമുന്നമേ യാത്രയാരംഭിച്ചിതി
ലഖില ലോകജനതയുമവർ തന്നാവാഹനത്തിനായ്
നിയതാവുണ്ടിൽ മുന്നിലായദ്ദേഹമീവാഹനം
നയിച്ചീടുന്നു സത്യമാംപാതയിലൂടതി ശീഘ്രം
യാത്രതന്നാവേഗവർധനയ്ക്കായെഞ്ചിനുമുണ്ടിതി
ലിവരാരൊക്കെയാണെന്നന്യോനമറീഞ്ഞീടാമോ?
യാത്രാവാഹനം തൻനിയതമായ് മുന്നിരിക്കു
മഖില സൃഷ്ടിയുമതിതുഷ്ടിയായ്ച്ചെയ്ത ശ്രീയേശുക്രിസ്തു
വാഹനത്തിനൂർജ്ജദായകനാം പരിശുദ്ധാത്മാനും

## ഐ ക്യാൻ

6–ാം പേജ് തുടർച്ച

യവും പണവും വെറുതെ പാഴാക്കുകയാണെന്നു പറയുന്ന ഒരു പാടു സ്നേഹിതർ സ്ഥാപനത്തിനകത്തു തന്നെയുണ്ടായിരുന്നു. പലതരത്തിലുള്ള മുറുമുറുപ്പുകൾ കലാമിന്റെ കാതുകളിലെത്തുന്നുണ്ടായിരുന്നെങ്കിലും താൻ മുമ്പോട്ടു തന്നെ പോയി. ഭ്രാന്തൻ ഗവേഷകൻ എന്ന പേര് കലാമിനെ വിളിക്കുമ്പോൾ അദ്ദേഹം ഇന്ത്യയുടെ ഭാവി പ്രസിഡന്റാണെന്ന് ആരും ഓർത്തില്ല. ഈ കഠിനപ്രതികൂല സാഹചര്യത്തിലെല്ലാം കലാമിൽ പൂർണവിശ്വാസമുള്ള ഒരാളുണ്ടായിരുന്നു അതാണ് അന്നത്തെ പ്രതിരോധമന്ത്രി വി.കെ. കൃഷ്ണമേനോൻ. നന്ദി എന്ന ഓമന പേരാണ് കലാം ആ യന്ത്രത്തിനിട്ടത്. പരീക്ഷണ പറക്കലിനായി പ്രതിരോധമന്ത്രി വാഹനത്തിൽ കയറി. പറപ്പിക്കലിൽ പരിചയക്കുറവുള്ള കലാമിനൊപ്പം പറക്കാൻ സുരക്ഷാ സൈനീകൻ സമ്മതിച്ചില്ല. കലാമിനോട് വാഹനത്തിൽ നിന്നിറങ്ങാൻ ക്യാപ്റ്റൻ ആവശ്യപ്പെട്ടു. എന്നാൽ കലാം ഇതൊന്നു ചെവിക്കൊണ്ടില്ല. കൃഷ്ണമേനോനാകട്ടെ കലാമിന്റെ കൂടെ പറക്കാൻ പൂർണ സമ്മതവും സന്തോഷവുമായിരുന്നു. അങ്ങനെ കലാം പ്രഥമവാഹനം വിജയകരമായി പറത്തിയെങ്കിലും കൃഷ്ണമേനോന്റെ മന്ത്രിസ്ഥാനം അധികം വൈകാതെ നഷ്ടപ്പെട്ടതിനാൽ ഹോവർക്രാഫ്റ്റ് നിർമാണം പിന്നീടു മുന്നോട്ടു പോയില്ല. കോടികൾ മുടക്കി ഹോവർക്രാഫ്റ്റ് ഇപ്പോഴും ഇറക്കുമതി ചെയ്യുന്നു.

എന്നാൽ നമുക്കിവിടെ അത്യുന്നതമായ പ്രതീക്ഷക്കു വകയുണ്ട്. നമ്മുടെ പ്രതിരോധമന്ത്രി ഒരിക്കലും മാറുന്നവനല്ലല്ലോ? അത്ഭുതമന്ത്രിയാണവൻ. മരണമില്ലാത്ത, വാക്കുമാറാത്ത, സകലത്തിന്റെ മേലും അധികാരമുള്ള നസ്രായനായ യേശുവാണ് നമ്മെ സുവിശേഷമെന്ന പ്രോജക്ട് ഏൽപ്പിച്ചിരിക്കുന്നത്. എത്ര കഠിന വിമർശനം വന്നാലും പിന്മാറരുത്. പ്രതികൂലം എത്രമാത്രം വർധിച്ചാലും മടുക്കരുത്. ദൗത്യം ഇടവഴിയിൽ നിർത്തരുത്. അന്നത്തെ പ്രതിരോധമന്ത്രിക്കു കലാമിനെ വിശ്വാസമായിരുന്നു. തന്റെ പരിമിതികൾ മനസിലാക്കിയിട്ടും തന്റെ കൂടെ പറക്കാൻ അദ്ദേഹം തയാറായിരുന്നു. അതാണ് കലാമിന്റെ ധൈര്യം വർധിപ്പിച്ചത്. പക്ഷെ ഒരു വർഷം മാത്രം ആയുസ്സുള്ള മന്ത്രിയായിരുന്നു അദ്ദേഹം.

നമ്മുടെ കർത്താവിനു നമ്മെ വിശ്വാസമാണ്. നമ്മുടെ പരിമിതികൾ തനിക്ക് നന്നായി അറിയാം. അവനു നമ്മുടെ കൂടെ നടക്കാൻ സന്തോഷമാണ്. അവൻ നമ്മെ തോൽപ്പിക്കാനല്ല ജയിപ്പിക്കാനാണ് ആഗ്രഹിക്കുന്നത്. നമ്മെ അവനെപ്പോലെ ആക്കിതീർക്കാനാണ് അവന്റെ സ്വപ്നം അവൻ ഒരുനാളും മാറില്ല, മയങ്ങില്ല, മരിക്കില്ല.

അവന്റെ കൈയിൽ പിടിച്ചു നമുക്കു പറയാം.. ഐ ക്യാൻ.

## വയനാടിന്റെ അതിജീവനത്തിനു താങ്ങായി പത്തനാപുരം സെന്റർ പിവൈപിഎ

പത്തനാപുരം: മലയാള നാടിനെ പിടിച്ചുലച്ച പ്രളയ കെടുതിയിൽ നാടിന്റെ അതിജീവനത്തിനു താങ്ങായി പത്തനാപുരം സെന്റർ പിവൈപിഎ. വയനാട്ടിലെ കൽപ്പറ്റ, മാനന്തവാടി എന്നീ സ്ഥലങ്ങൾ സന്ദർശിച്ച പത്തനാപുരം സെന്റർ പിവൈപിഎ പ്രവർത്തകർ അവശ്യ സാധനങ്ങൾ വിതരണം ചെയ്തു. ഈ ഉദ്യമത്തിനാവശ്യമായ സാമ്പത്തിക സഹായം കുവൈറ്റിലെ ഫാഹേൽ ഐപിസി സ്പോൺസർ ചെയ്തു.

ഓഗസ്റ്റ് പതിനാലു മുതൽ രൂക്ഷമായ വെള്ളപൊക്കത്തിൽ ക്യാമ്പു പോലും മാറ്റിവച്ച് പത്തനാപുരം സെന്റർ പിവൈപിഎ പ്രവർത്തകർ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സജീവമായിരുന്നു. അതിജീവനത്തിന്റെ'ആദ്യ ഘട്ടമായിട്ടാണ് ഫാഹേൽ ഐപിസി സഭയുടെ സഹകരണത്തോടെ വയനാടിന്റെ മണ്ണിൽ എത്തിയത്. തുടർന്നുള്ള പുനരുദ്ധാരണ പ്രവത്തനങ്ങളിലും പത്തനാപുരം സെന്റർ പിവൈപിഎയുടെ സജീവ പങ്കാളിത്തം ഉണ്ടാകുമെന്നു സെന്റർ പിവൈപിഎ ഔദ്യോഗിക ഭാരവാഹികൾ അറിയിച്ചു.

## കർണാടക പിവൈപിഎ വയനാട്ടിൽ

**വയനാട്:** സംസ്ഥാന പിവൈപിഎ യുടെ അതിജീവന പ്രവർത്തനങ്ങളിൽ പങ്ക് ചേർന്ന് കർണാടക സംസ്ഥാന പിവൈപിഎ പ്രവർത്തകരും. കർണാടക പിവൈപിഎ ശേഖരിച്ച വസ്ത്രങ്ങൾ ഉൾപ്പെടെ വിതരണം ചെയ്തു. ബ്രദ.അജി കല്ലുങ്കൽ, പബ്ലിസിറ്റി കൺവീനർ തോമസ് ജോർജ് കട്ടപ്പന, കൊട്ടാരക്കര മേഖല പിവൈപിഎ വൈസ്– പ്രസിഡന്റ് ബ്ലസൻ ബാബു, ട്രെഷറർ മോസസ്, റ്റിഗോ, സംസ്ഥാന കൗൺസിൽ അംഗം അജി എന്നിവർ നേതൃത്വം നൽകി. സന്ദീപ് കൽപ്പറ്റ പ്രവർത്തനങ്ങൾ കോർഡിനേറ്റ് ചെയ്തു.

## ഐപിസി സൗത്ത് ഈസ്റ്റ് റീജ്യൻ സമാഹരിച്ച തുക സംസ്ഥാന പിവൈപിഎയ്ക്ക് നൽകി

**ഫ്ളോറിഡ:** ഐപിസി സൗത്ത് ഈസ്റ്റ് റീജ്യൻ സമാഹരിച്ച സാമ്പത്തിക സഹായ ഫണ്ട് യുവജന സംഘടനയായ കേരളാ സ്റ്റേറ്റ് പിവൈപിഎയുടെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി നൽകി.

കേരള വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിലേക്ക് ഈ തുക കൊടുക്കുവാൻ റീജ്യനിലെ പാസ്റ്റർമാരും സഭകളും ഒരുമിച്ചു പ്രവർത്തിച്ചു. റീജ്യൻ പ്രസിഡന്റ് പാസ്റ്റർ മാത്യു ജോസഫ്, സെക്രട്ടറി പാസ്റ്റർ വി.പി. ജോസ്, ജോയിന്റ് സെക്രട്ടറി ബ്രദ. സ്റ്റീഫൻ ചാക്കോ, റീജ്യൻ ട്രഷറാർ ബ്രദർ സജിമോൻ മാത്യു, തുടങ്ങിയവർ സൗത്ത് ഈസ്റ്റ് റീജ്യന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

ഐപിസി റീജ്യന്റെ പ്രവർത്തനം മാതൃകാപരമാണെന്നും ഈ തുക കേരളത്തിൽ ദുരിതമനുഭവിക്കുന്നവർക്ക് വിതരണം ചെയ്യുമെന്നും പിവൈപിഎ ഭാരവാഹികൾ അറിയിച്ചു.

# കേരള സംസ്ഥാന പിവൈപിഎ കേരള സുവിശേഷ യാത്ര



നല്ല വാർത്തയും പാട്ടുകളും എന്ന നാമധേയത്തിൽ സംസ്ഥാന പിവൈപിഎ കേരള സുവിശേഷ യാത്ര കാസർ ഗോഡ് ചെർക്കളയിൽ ആരംഭിച്ചു. കാസർഗോഡ് സെന്റർ മിനിസ്റ്റർ പാസ്റ്റർ സന്തോഷ് മാത്യു ഉത്ഘാടനം ചെയ്തു. സംസ്ഥാന സൺഡേ സ്കൂൾ ട്രഷറർ ബ്രദ. അജി കല്ലുങ്കൽ ഫ്ളാഗ് ഓഫ് ചെയ്തു. പിവൈപിഎ വൈസ് പ്രസിഡന്റ് സാബു ആര്യപ്പള്ളിൽ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറി ഷിബിൻ ശാമുവേൽ, ജോയിന്റ് സെക്രട്ടറി സുവി. ഷിബു എൽദോസ്, സംസ്ഥാന പിവൈപിഎ ഇവാഞ്ചലിസം സെക്രട്ടറി ഫെയ്ത് ബ്ലസൻ പള്ളിപ്പാട് എന്നിവർ പ്രസംഗിച്ചു. ഒക്ടോബർ 31ന് ഗാന്ധി പാർക്ക് മൈതാനിയിൽ ആണ് സമാപനം. കേരളത്തിലെ പതിനാലു ജില്ലകളും കേരള യാത്ര കടന്നു പോകും. ഹാഗിയോസ് എന്ന സംഘടനയും ലഹരി വിരുദ്ധ സന്ദേശം വിളിച്ചോതുന്നപപ്പറ്റ്, തെരുവ്വ് നാടകം എന്നിവ അവതരിപ്പിക്കും. ഈ തീവ്ര സുവിശേഷികരണ യത്നത്തിൽ പങ്കാളികൾ ആകുവാൻ ലോക്കൽ, സെന്റർ മേഖല പിവൈപിഎ പ്രവർത്തകരെ പ്രസിഡന്റ് അജു അലക്സ്, ബെറിൽ തോമസ്, സന്തോഷ് എം. പീറ്റർ, വെസ്ലി പി. എബ്രഹാം, പാസ്റ്റർ. തോമസ് ജോർജ്ജ് കട്ടപ്പന എന്നിവരടങ്ങുന്ന എക്സിക്യൂട്ടീവ് കമ്മിറ്റി അഭ്യർത്ഥിച്ചു.

# പുനരധിവാസ പദ്ധതി രണ്ടാം ഘട്ടം ഹൈറേഞ്ചിൽ



**പുനരധിവാസ പദ്ധതിയുടെ തുക കേരള സ്റ്റേറ്റ് മുൻ സെക്രട്ടറി പാസ്റ്റർ ഫിലിപ്പ് പി.തോമസ് പാസ്റ്റർ കെ.വൈ. ജോഷ്വായ്ക്ക് കൈമാറുന്നു**

**കുമ്പനാട്:** ഐപിസി അടൂർ ഈസ്റ്റ് സെന്റർ സൺഡേസ്കൂൾ പിവൈപിഎയുടെ ഈ വർഷത്തെ ക്യാമ്പ് മാറ്റി വച്ച് തുക സംസ്ഥാന പിവൈപിഎയുടെയും അടൂർ ഈസ്റ്റ് സെന്ററിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ സംസ്ഥാന പിവൈപിഎയുടെ പുനരധിവാസ പദ്ധതികളുടെ ഭാഗമായി ഐപിസി കട്ടപ്പന ടൗൺ ചർച്ചിൽ വച്ച് പ്രകൃതി ദുരന്തത്തിൽ സഭാ ഹാളുകൾക്ക് കേടുപാടുകൾ സംഭവിച്ച ആറ് സഭകൾക്കായി ഒരു ലക്ഷത്തി ഇരുപതിനായിരം രൂപ വിതരണം ചെയ്തു സഹായിച്ചു. കേരള സ്റ്റേറ്റ് മുൻ സെക്രട്ടറിയും അടൂർ ഈസ്റ്റ് സെന്റർ മിനിസ്റ്ററുമായ പാസ്റ്റർ ഫിലിപ്പ് പി.തോമസ് പ്രസ്തുത തുക കൈമാറി. കേരള സ്റ്റേറ്റ് കൺസിൽ അംഗങ്ങളായ പാസ്റ്റർമാരായ എം.റ്റി. തോമസ്, കെ.വൈ ജോഷുവ, ബ്രദർ ബിജു രാമക്കൽമേട്, അടൂർ സെന്റർ ട്രഷാറും ജനറൽ കൗൺസിൽ അംഗവുമായ ബാബു അടൂർ, സെന്റെർ ജോ. സെക്രട്ടറി ഷാജി പറന്തൽ, സംസ്ഥാന പി.വൈ.പി.എ പബ്ലിസിറ്റി കൺവീനർ പാസ്റ്റർ തോമസ് ജോർജ് കട്ടപ്പന എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. പ്രസ്തുത സാമ്പത്തീക നന്മകൾ സംസ്ഥാന പിവൈപിഎയോടൊപ്പം സഹകരിച്ചു നൽകിയ അടൂർ ഈസ്റ്റ് സെന്ററിന്നോടുള്ള നന്ദി അറിയിക്കുന്നു.

# കാത്തിരിപ്പുയോഗം



**തിരുവനന്തപുരം:** കേരള സ്റ്റേറ്റ് പിവൈപിഎയുടെ നേതൃത്വത്തിൽ നാലാമത്തെ കാത്തിരിപ്പു യോഗം തിരുവനന്തപുരത്തു അനുഗ്രഹമായി നടന്നു. ഒക്റ്റോബർ 19നു പേരൂർക്കട ഫെയ്ത്ത് സെന്റർ ചർച്ചിൽ വെച്ച് നടന്ന യോഗത്തിൽ സംസ്ഥാന പിവൈപിഎ വൈസ് പ്രസിഡന്റ പാസ്റ്റർ. സാബു ആര്യപ്പള്ളി അധ്യക്ഷൻ ആയിരുന്നു. തിരുവനന്തപുരം വെസ്റ്റ് സെന്റർ പിവൈപിഎ സെക്രട്ടറി പാസ്റ്റർ കലേഷ് സ്വാഗതം അറിയിച്ചു. പാസ്റ്റർ ഐ.ജോൺസൻ ശുശ്രൂഷിച്ചു. 300 ൽ അധികം ആളുകൾ പങ്കെടുത്ത യോഗത്തിൽ 11 പേർ ആത്മ അഭിഷേകം പ്രാപിച്ചു.

# തിരുവല്ല സെന്റർ പിവൈപിഎ

തിരുവല്ല സെന്റെർ പിവൈപിഎ താലന്ത് പരിശോധന ഒക്ടോബർ രണ്ടിന് കൊമ്പാടി മർത്തോമ്മ ക്യാമ്പ് സെന്റെറിൽ വച്ച് നടന്നു. പിവൈപിഎ തിരുവല്ലാ സെന്റെർ വൈസ് പ്രസിഡന്റ് പാസ്റ്റർ ഷെറി കോശി അധ്യക്ഷതവഹിച്ചു. പിവൈപിഎ തിരുവല്ല സെന്റർ പ്രസിഡന്റ് ബ്രദർ ബിബിൻ ഫിലിപ്പ് സെക്രട്ടറി ബ്രദർ ജിൻസൺ ചാക്കോ എന്നിവർ നേതൃത്വംനൽകി. പിവൈപിഎ സംസ്ഥാന പബ്ലിസിറ്റി കൺവീനർ പാസ്റ്റർ തോമസ് ജോർജ് കട്ടപ്പന താലന്ത് പരിശോധന ഉദ്ഘാടനം ചെയ്തു. സണ്ടേസ്കൂൾജനറൽ ട്രഷറർ ബ്രദർ അജി കല്ലുങ്കൽ, തിരുവല്ല സെന്റെർ ട്രഷറർ ബ്രദർ റോയ് ആന്റണി, ജോയിന്റ് സെക്രട്ടറി നെബു ആമല്ലൂർ എന്നിവർ ആശംസ അറിയിച്ചു. താലന്ത് പരിശോധനയിൽ 148 പോയിന്റ് നേടി ഐപിസി പ്രയർ സെന്റർ തിരുവല്ല ഒന്നാംസ്ഥാനവും 79 പോയിന്റ് നേടി ഐപിസി ഗോസ്പൽ സെന്റെർ നെടുമ്പ്രം രണ്ടാംസ്ഥാനവും 39 പോയിന്റ് കൾ നേടി ഐ.പി.സി എബനേസർ ആമല്ലൂർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

## പ്രവർത്തനോദ്ഘാടനം




**മലപ്പുറം:** പിവൈപിഎ മലപ്പുറം മേഖലാ പ്രവർത്തനോദ്ഘാടനം ഒക്ടോബർ ആറിന് പെരിന്തൽമണ്ണ വ്യാപര ഭവൻ ഓഡിറ്റോറിയത്തിൽ നടന്നു. മലബാർ മേഖാലാ സെക്രട്ടറി പാസ്റ്റർ. ബിജോയ് കുര്യാക്കോസ് അദ്ധ്യക്ഷൻ ആയിരുന്നു. പിവൈപിഎ സംസ്ഥാന വൈസ് പ്രസിഡന്റ് പാസ്റ്റർ സാബു ആര്യപ്പള്ളി ഉദ്ഘാടനം ചെയ്തു. പിവൈപിഎ സംസ്ഥാന സെക്രട്ടറി സുവി ഷിബിൻ ജി ശമുവേൽ മുഖ്യസന്ദേശം നൽകി.

മലപ്പുറം മേഖലാ സംസ്ഥാന പിവൈപിഎയ്ക്ക് ഈ യോഗത്തിൽ സ്വീകരണവും നൽകി പാസ്റ്റർ കെ.സി ഉമ്മൻ സമർപ്പണ പ്രാർത്ഥനാ നടത്തി

അജി കല്ലുങ്കൽ, സജി മത്തായി കാതേട്, പാസ്റ്റർ സി.സി ബാബു, സന്തോഷ് എം പീറ്റർ, പാസ്റ്റർ തോമസ് ജോർജ് കട്ടപ്പന തുടങ്ങിയവർ ആശംസകൾ അറിയിച്ചു. മേഖലാ പ്രസിഡന്റ് പാസ്റ്റർ ബിനിൽ വർഗീസ് പ്രവർത്തന പദ്ധതികളെ വിശദികരിച്ചു.

സെക്രട്ടറി പാസ്റ്റർ. സ്റ്റീഫൻ മാത്യൂ സ്വാഗതവും സുരേഷ് കെ.കെ നന്ദിയും അറിയിച്ചു. പിവൈപിഎ മലപ്പുറം മേഖലാ പ്രോഗ്രാമിന് നേതൃത്വം നൽകി. കൊട്ടാരക്കര മേഖല വൈസ് പ്രസിഡന്റ് ബ്ലെസൻ ബാബു മേഖല ട്രഷറാർ മോസസ് സ്റ്റേറ്റ് കൗൺസിൽ അംഗം അജി ഡാനിയേൽ, വെസിലി ബ്രസൻ മാത്യൂ, പാസ്റ്റർ റ്റിഗോ തങ്കച്ചൻ എന്നിവർ സംബന്ധിച്ചു.

## പിവൈപിഎ ഏകദിന സെമിനാറും സംസ്ഥാന ഭാരവാഹികൾക്ക് സ്വീകരണവും




**പാലക്കാട്:** സോണൽ പിവൈപിഎയുടെ നേതൃത്വത്തിൽ ഐപിസി ലൈറ്റ് ഹൗസ് വർഷിപ്പ് സെന്ററിൽ വച്ച് ഏകദിന സെമിനാറും സോണൽ ഭാരവാഹികളുടെ സ്വീകരണവും നടത്തപ്പെട്ടു. പ്രസ്തുത മീറ്റിങ് പാലക്കാട് സോണൽ പ്രസിഡന്റ് പാസ്റ്റർ സാം ദാനിയേൽ ഉദ്ഘാടനം ചെയ്തു. സോണൽ പിവൈപിഎ പ്രസിഡന്റ് പാസ്റ്റർ ജെയിംസ് വർഗീസ് അധ്യക്ഷത വഹിച്ചു. സെക്രട്ടറി പാസ്റ്റർ പ്രദീഷ് ജോസഫ് സ്വാഗതം പറഞ്ഞു. പാസ്റ്റർ വി.പി. ഷിജു പിവൈപിഎ കേരള സ്റ്റേറ്റ് എക്സിക്യൂട്ടിവിനെ പരിചയപ്പെടുത്തി. ജോയിന്റ് സെക്രട്ടറി ബ്രദ. ഫിന്നി ജോൺ സോണൽ പ്രവർത്തനങ്ങൾ വിശദീകരിച്ചു. കേരള സ്റ്റേറ്റ് പിവൈപിഎ സെക്രട്ടറി പാസ്റ്റർ ഷിബിൻ സാമുവെൽ ക്ലാസുകൾക്ക് നേതൃത്വം നൽകി. കേരള സ്റ്റേറ്റ് പിവൈപിഎ വൈസ് പ്രസിഡന്റ് സാബു ആര്യപ്പള്ളി, ജോയിന്റ് സെക്രട്ടറി സന്തോഷ് എം. പീറ്റർ, പബ്ലിസിറ്റി കൺവീനർ പാസ്റ്റർ തോമസ് ജോർജ് സ്റ്റേറ്റ് സണ്ടേസ്കൂൾ ട്രഷറാർ ബ്രദർ അജി കല്ലുങ്കൽ ചിറ്റൂർ നോർത്ത് സെന്റർ ശുശ്രൂഷകൻ പാസ്റ്റർ ജോയി വർഗീസ് പട്ടാമ്പി സെന്റർ ശുശ്രൂഷകർ പാസ്റ്റർ ചാക്കോ ദേവസ്യ എന്നിവർ ആശംസകൾ അറിയിച്ചു. പാലക്കാട് സോണൽ കേരള സ്റ്റേറ്റിനു നൽകിയ പ്രശംസ ഫലകം പാലക്കാട് സോണലിന്റെ സെന്റർ പാസ്റ്റേഴ്സ് സ്റ്റേറ്റ് എക്സിക്യൂട്ടിവിന് കൈമാറി.

## പിവൈപിഎ യുഎഇ റീജിയൻ താലന്തു പരിശോധന

**ഷാർജ:** വർഷിപ്പ് സെൻററിലെ അഞ്ചു വേദികളിലായി നാനൂറോളം പ്രതിഭകൾ പങ്കെടുത്ത പിവൈപിഎ യുഎഇ റീജിയൻ താലന്ത് പരിശോധന അനുഗ്രഹമായി സമാപിച്ചു. അഞ്ജു റോബിൻ (ഐപിസി ഏബനേസർ ദുബായ്), റിൻറ്റു ബാബു (ഐപിസി ഇമ്മാനുവൽ ദുബായ്) എന്നിവർ വ്യക്തിഗത ചാമ്പ്യൻഷിപ്പ് പങ്കിട്ടു. ഗ്രൂപ്പ് സോംങ്ങ് മലയാളം വിഭാഗത്തിൽ ഐപിസി ഏബനേസർ ദുബായ്, ഐപിസി അബുദാബി, ഐപിസി അജ്മാൻ എന്നിവരും, ഇംഗ്ലീഷ് വിഭാഗത്തിൽ ഐപിസി ഫിലദെൽഫിയ ദുബായ്, ഐപിസി ശാലേം ദുബായ്, ഐപിസി കർമ്മേൽ ദുബായ് എന്നിവരും വിജയികളായി. ഗ്രൂപ്പ് ബൈബിൾ ക്വിസ്സിൽ ഐപിസി അബുദാബി, ഐപിസി വർഷിപ്പ് സെൻറർ ഷാർജ, ഐപിസി ഏബനേസർ അലൈൻ എന്നിവർ വിജയിച്ചു. പിവൈപിഎ യുഎഇ റീജിയൻ പ്രസിഡന്റ് പാസ്റ്റർ പി. എം. ശാമുവേൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ഐപിസി യുഎഇ റീജിയൻ പ്രസിഡന്റ് പാസ്റ്റർ ഗർസീം പി. ജോൺ ഉദ്ഘാടനം നിർവഹിച്ചു. റോബിൻ സാം മാത്യു, ജെൻസൺ മാമ്മൻ എന്നിവർ താലന്ത് കൺവീനർമാരായി പ്രവർത്തിച്ചു. റീജിയൻ ഭാരവാഹികളായ പാസ്റ്റർ സൈമൺ ചാക്കോ, ഷിബു മുള്ളംകാട്ടിൽ, പാസ്റ്റർ സാമുവേൽ ജോൺസൺ, ജോബിൻ ജോൺ, ബ്ലസ്സൺ തോണിപ്പാറ എന്നിവർ നേതൃത്വം നൽകി.

## പത്തനാപുരം സെന്റർ പിവൈപിഎ

**പത്തനാപുരം:** പിവൈപിഎ പത്തനാപുരം സെന്റർ താലന്ത് പരിശോധനയിൽ പിടവൂർ സഭ ജേതാക്കളായി. പനവേലി, കുറുമ്പകര സഭകൾ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. പിടവൂർ ഐപിസി സഭാംഗം സുബി ദിലീപ് വ്യക്തിഗത ജേതാവായി.

കൊട്ടാരക്കര മേഖല പിവൈപിഎ സെക്രട്ടറി പാ. സാം ചാക്കോ താലന്ത് പരിശോധന ഉദ്ഘാടനം ചെയ്തു. പാ. ഷിബിൻ ജി. സാമുവേൽ (സംസ്ഥാന പിവൈപിഎ സെക്രട്ടറി), മോസസ് ബി. ചാക്കോ (താലന്ത് കൺവീനർ), വെസ്ലി ജോൺ (താലന്ത് കോഓർഡിനേറ്റർ), അജി കല്ലുങ്കൽ (സംസ്ഥാന സൺഡേസ്കൂൾ ട്രഷറർ), ബ്ലെസ്സൺ ബാബു (പിവൈപിഎ കൊട്ടാരക്കര മേഖല ഉപാധ്യക്ഷൻ) എന്നിവർ മത്സരങ്ങൾക്ക് നേതൃത്വം നൽകി.

# സുവിശേഷ ദർശനവുമായ് മല്ലപ്പള്ളിയിൽ നിന്നും ഒരു ദൈവഭൃത്യൻ..

വെറുതെ സമയം കളയാൻ നമുക്കു സമയം ഇല്ല. ലഭിച്ചതെല്ലാം നാഥന്റെ നാമം പ്രഘോഷിക്കാൻ ആണ്. ഒന്നും കൊണ്ട് പോകില്ല ല്ലോ നാം ഇവിടെ നിന്ന്. ആദ്യം സൈക്കിളിൽ മൈക്ക് വെച്ച് കെട്ടി രാവിലെ ഇറങ്ങി നാടെമ്പാടും നല്ല വാർത്ത അറിയിക്കും.. ബൈക്ക് തന്നപ്പോൾ അങ്ങനായി. ഇപ്പോൾ ഒരു ട്രാവലേർ ലഭിച്ചു. അതു സുവിശേഷികരണത്തിനു ആരോടൊപ്പമായാലും പോകും. തന്നെ ആണേലും പോകും. വടക്കേ ഇന്ത്യയിലും പോയി.. കുഞ്ഞു പാസ്റ്റർ എന്ന് ജനം സ്നേഹത്തോടെ വിളിക്കുന്ന പാസ്റ്റർ വർഗീസ് തോമസിന്റെ വാക്കുകൾ ആണിത്.

സംസ്ഥാന പിവൈപിഎ യുടെ കേരള സുവിശേഷ യാത്രക്ക് ഒരു ട്രാവലർ അനിവാര്യമായിരുന്നു. ആ അന്വേഷണം ആണ് ഞങ്ങളെ കുഞ്ഞു പാസ്റ്ററിൽ കൊണ്ടെത്തിച്ചത്. അദ്ദേഹത്തിന്റെ ഭവനത്തിൽ ഞങ്ങൾ എത്തിയപ്പോൾ കേട്ടറിവിനേക്കാൾ ഉന്നതം. യുഎസ് യിൽ ഉന്നതമായ ജോലി ചെയ്തിരുന്ന വ്യക്തി. വിവാഹ ആലോചന സമയത്തു തന്നെ പെൺകുട്ടിയോട് പറഞ്ഞു ഞാൻ ദൈവ വേല ഇഷ്ടപെടുന്നു. എപ്പോൾ ഉറപ്പ് ലഭിച്ചാലും ഞാൻ അപ്പോൾ അമേരിക്ക വിടും. ദൈവ വേലക്ക് സമർപ്പിതമായ സാലി എന്ന സഹോദരിയെ ദൈവം തുണയായി നൽകി. ദൈവം കൊടുത്ത തലമുറകളിൽ ഫിന്നി മല്ലപ്പള്ളി പിവൈപിഎ യുവജനങ്ങൾക്ക് ഏറെ പ്രിയങ്കരനും പരിചിതനുമാണ്. സംസ്ഥാന പിവൈപിഎ നല്ല വർത്തയയും പാട്ടുകളും എന്ന കേരള സുവിശേഷ യാത്രാ ആരംഭിച്ചു. ഈ ദൈവ ഭൃത്യൻ തന്റെ വാഹനവുമായി പ്രതിഫല ഇച്ഛയില്ലാതെ മുഴുവൻ സമയവും ടീമിനോടൊപ്പമുണ്ട്. സുഭിക്ഷമായ് ജീവിക്കാൻ ദൈവം നന്മകൾ നൽകിയിട്ടുണ്ട്. എങ്കിലും വിളിച്ചവന്റെ വേല വിശ്വസ്തതയോടെ തികയ്ക്കാൻ കുഞ്ഞു പാസ്റ്റർ മുന്നോട്ട്...



## സംസ്ഥാന പിവൈപിഎയുടെ കാത്തിരിപ്പ് യോഗത്തിന് അനുഗ്രഹീത സമാപ്തി



**ആലപ്പുഴ:** സംസ്ഥാന പിവൈപിഎയുടെ നേതൃത്വത്തിൽ മൂന്നാമത് കാത്തിരിപ്പ് യോഗം പിവൈപിഎ ആലപ്പുഴ വെസ്റ്റ് സെന്ററിന്റെ സഹകരണത്തോടെ ഐ.പി.സി ആലപ്പുഴ എബനേസർ സഭയിൽ വെച്ച് എബനേസർ സഭയിൽ വച്ച് നടത്തപ്പെട്ടു.

ആലപ്പുഴ വെസ്റ്റ് സെന്റർ സെക്രട്ടറി പാസ്റ്റർ ഷിജു സാമുവേൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പാസ്റ്റർ എബ്രഹാം ജോർജ് ലഘു സന്ദേശം നൽകി. പ്രാരംഭമായി ഐ.പി.സി കോന്നി സെന്റർ മിനിസ്റ്റർ പാസ്റ്റർ ടി.പി ഡാനിയേൽ വചന ശുശ്രുക്ഷ നിർവഹിച്ചു, തുടർന്ന് പാസ്റ്റർ ബിനോ തോമസ് ബാംഗ്ളൂർ മുഖ്യ സന്ദേശം നൽകി, സംസ്ഥാന പിവൈപിഎ പബ്ലിസിറ്റി കൺവീനർ പാസ്റ്റർ തോമസ് ജോർജ് കട്ടപ്പന, സംസ്ഥാന സൺഡേ സ്കൂൾ ട്രഷറർ ബ്രദർ അജി കല്ലുങ്കൽ എന്നിവരും സന്നിഹിതരായിരുന്നു. ഇവാ വില്യം മല്ലശ്ശേരി, ബ്രദർ ജമൽസൺ ജേക്കബ്, ബ്രദർ നിതിൻ എ കുമാർ എന്നിവർ ഗാന ശുശ്രുക്ഷയ്ക്ക് നേതൃത്വം നൽകി. ഡിസ്ട്രിക്റ്റ് പിവൈപിഎ പ്രസിഡന്റ് ബ്രദർ മാത്യു വർഗീസ് നന്ദി പ്രകാശിപ്പിച്ചു. പാസ്റ്റർ മനു വർഗീസ്, ഇവാ ഷിജുമോൻ സി.ജെ, ബ്രദർ വെസ്‌ലി പി.എബ്രഹാം, ബ്രദർ ഫെബിൻ ജെ. മാത്യു എന്നിവർ നേതൃത്വം നൽകി.

## കുമ്പനാട് സെന്റർ

**കുമ്പനാട്:** പിവൈപിഎ കുമ്പനാട് സെന്റർ താലന്ത് പരിശോധന ഐപിസി മാരാമൺ സഭയിൽ വച്ച് നടത്തപ്പെട്ടു. അസോസിയേറ്റ് സെന്റർ മിനിസ്റ്റർ പാസ്റ്റർ ടി.ജെ. എബ്രഹാം ഉദ്ഘാടനം ചെയ്തു.

സെന്റർ പ്രസിഡന്റ് പാസ്റ്റർ ബ്ലസൻ കുഴിക്കാലാ അധ്യക്ഷൻ ആയിരുന്നു. കുമ്പനാട് ഹെബ്രോൻ പി വൈ പി എ 248 പോയിന്റ് നേടി ഒന്നാം സ്ഥാനവും 190പോയിന്റ് നേടി മാരാമൺ പി വൈ പി എ രണ്ടാം സ്ഥാനവും 148പോയിന്റ് നേടി കുമ്പനാട് എലീം പി വൈ പി എ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.ഇലന്തൂർ എബനേസർ പി വൈ പി എ യിലെ ടിന്റു മേരി ജോൺ വ്യക്തിഗത ചാമ്പ്യൻ ആയി.

2018 താലന്ത് പരിശോധനയുടെ ശ്രദ്ധേയമായ ഒരു സവിശേഷത മത്സരങ്ങൾ കഴിഞ്ഞു മിനുറ്റുകൾക്കുള്ളിൽ തന്നെ സോഫ്റ്റ്വെയർ മുഖേന പരാതിരഹിത വേഗതയാർന്ന റിസൾട്ട് പ്രസിദ്ധികരിക്കുവാൻ കഴിഞ്ഞു എന്നുള്ളതാണ് എന്ന് സെന്റർ ആക്റ്റിങ് സെക്രട്ടറി ബ്രദർ ആൽവിൻ ജോസഫ് അറിയിച്ചു.മത്സര ഫലങ്ങൾ pypakumbanadcetnre.in വെബ്സൈറ്റിലും ലഭ്യമാണ്



# നന്ദി...

പ്രിയരെ,

സുവിശേഷീകരണത്തിൽ പ്രഖ്യാപിത  അപ്രഖ്യാപിത വിലക്കുകൾ വരാനുള്ള ദിവസങ്ങൾ എണ്ണപ്പെട്ടു കഴിഞ്ഞു. അതിനാൽ നമ്മുടെ സുവിശേഷ ദൗത്യം എത്രയും വേഗം പൂർത്തീകരിക്കാൻ യുവാക്കൾ എത്രയും വേഗം സന്നദ്ധരാകണം.

സംസ്ഥാന പിവൈപിഎയുടെ നേതൃത്വത്തിലുള്ള സുവിശേഷ പര്യടനം ആരംഭിച്ചു കഴിഞ്ഞു. വരുന്ന ദിവസങ്ങളിൽ അത് നിങ്ങളുടെ സഭാ കേന്ദ്രങ്ങളിലൂടെ കടന്നുപോകും. അപ്പോൾ മതിയായ സേവനങ്ങളും സഹകരണങ്ങളും യുവജനങ്ങളുടെ ഭാഗത്ത് നിന്നുണ്ടാകണം.

പിതാക്കന്മാരുടെ പാത പിൻപറ്റി വചനത്തിലും വിശ്വാസത്തിലും മായം ചേർക്കാതെ അത് ജനങ്ങളിലെത്തിക്കാനുള്ള തീവ്രശ്രമത്തിലാണ്. ആത്മസാന്നിധ്യം അനുഭവിച്ചറിഞ്ഞ കാത്തിരിപ്പ് യോഗങ്ങളും നാം പൂർത്തീകരിച്ചു കഴിഞ്ഞു. പുതുതലമുറയിലും കൃപാവര പ്രാപ്തരായ യുവജനങ്ങൾ എഴുന്നേൽക്കണം.

സെന്റർ തല താലന്ത്പരിശോധനകൾ ഏകദേശം പൂർത്തിയായെന്ന് സോഷ്യൽ മീഡിയയിലൂടെ അറിഞ്ഞു. നവംബർമാസം നടക്കുന്ന സോണൽ തല താലന്ത് പരിശോധനയിലും പിന്നാലെ അരങ്ങിലെത്തുന്ന സ്റ്റേറ്റ് താലന്ത് പരിശോധനയിലും വിജയികൾ നിർബന്ധമായും പങ്കെടുക്കേണം.

നമ്മുടെ സംസ്ഥാന ക്യാംപിന്റെ ഒരുക്കങ്ങൾ ആരംഭിച്ചുകഴിഞ്ഞു. അതിന്റെ പൂർത്തീകരണത്തിലും നമ്മുടെ പ്രവർത്തകരുടെ സേവനം അത്യന്താപേക്ഷിതമാണ്.

ഇതുവരെ സംസ്ഥാന പിവൈപിഎയുടെ എല്ലാ ജീവകാരുണ്യ സുവിശേഷ പ്രവർത്തനങ്ങൾക്ക് നിങ്ങൾ നൽകിയ സഹകരണത്തിനും പ്രാർഥനയ്ക്കും നിറഞ്ഞ നന്ദി...

പ്രാർഥനയിൽ ഓർക്കുക...

എന്ന്, ക്രിസ്തുവിൽ

**പാസ്റ്റർ തോമസ് ജോർജ്ജ്, കട്ടപ്പന**

*പിവൈപിഎ പബ്ലിസിറ്റി കൺവീനർ*

---


പിവൈപിഎ അംഗങ്ങളുടെ കഴിവുകൾ തെളിയിക്കുന്നതിനുള്ള വേദിയായി പിവൈപിഎ ഔദ്യോഗിക നാവായ യുവജനകാഹളത്തിലേക്ക് പിവൈപിഎ അംഗങ്ങളുടെ ലേഖനങ്ങൾ ഭാവന, കഥ, കവിത, വാർത്തകൾ എന്നിവ ക്ഷണിച്ചു കൊള്ളുന്നു. തെരഞ്ഞെടുക്കപ്പെടുന്നവ പേജുകളുടെ ലഭ്യത അനുസരിച്ച് പ്രസിദ്ധീകരിക്കുന്നതാണ്. അയച്ചു തരുന്നവർ തങ്ങളുടെ പേരും ഫോട്ടോയും കൂടെ തരിക.

**യുവജനകാഹളം, യൂത്ത് സെന്റർ, ഹെഡ്കോട്ടേഴ്സ്, ഹെബ്രോൻപുരം, കുമ്പനാട്**
**yuvajanakahalam2018@gmail.com  Mob: 9496375386**



# സംസ്ഥാന പി.വൈ.പി.എ പ്രവർത്തനങ്ങളെ കർത്താവ് അനുഗ്രഹിക്കട്ടെ. എല്ലാ അനുമോദനങ്ങളും ആശംസകളും


Pr. Wilson Joseph


Pr. Philip P. Thomas


Pr. Abraham George


Abey Monis Dallas


Jerry Dallas


ഐപിസി മിഡ് വെസ്റ്റ് റീജിയൻ സമാഹരിച്ച പുനരധിവാസപദ്ധതിക്കുള്ള സംഭാവന മിഡ് വെസ്റ്റ് റീജയൻ സെക്രട്ടറി ഡോ. മാത്തുക്കുട്ടി സാമുവലും ജോ. സെക്രട്ടറി സാം വർഗീസും ചേർന്ന് സംസ്ഥാന പി.വൈ.പി.എ. ഭാരവാഹികൾക്കു കൈമാറുന്നു










Printed and Published by Pastor Thomas George Kattappana, Publicity Convenor. Mob: 9496375386
For Private Circulation only. Design: Global, Tiruvalla